Annual Subscription Rs. 150/-

# സുവിശേഷകൻ

Vol. LXX JULY - AUGUST 2022 No. 7-8

## JESUS WILL USE YOU

*God will use you, to testify for Him*
*by causing your joy to fill to the brim.*

*Then your faith, will spill right over*
*bringing to Him others much closer.*

*God will employ you, to do His business*
*by causing your hope to be a witness.*

*Then your trust, in Jesus will flow*
*and others the Way you will show.*

*God will use you, any way He can*
*to bring the lost . . . to the Son of Man!*

***by - Deborah Ann***

Suviseshakan

# S U V I S E S H A K A N

*A Magazine to encourage the study of the Scriptures.*
*The practice of New Testament Church Principles to stimulate interest in Gospel work.*

*Founder Editor:* **Late Br. M. E. Cherian**

*Editors:*

**Daniel Varghese (*Biju*)**
Charuvila Puthen Veedu
Near Swagatham Jn.
Elampal P.O, Punalur, Kollam - 691 322
Mobile: 9747030259

**Mathew Philip**
28, Ulloor Gardens, Medical College P.O,
Trivandrum - 695 011
Mobile: 9895558656

**Thomson B. Thomas**
19, Ebenezer Nagar Road,
Mulund (W) Mumbai - 400 080
Mobile: 9619529206

*Managing Editor & Publisher:*

**James Cherian**
P.O. Box # 32, Bible Bhavan, Madurai - 625 016
Mobile: +91 9894902877

*Advisory Board:*

**John Thomas,** *Bangalore, +91 9819071367*
**Y. Baby,** *Trivandrum, +91 0471 255 2552*
**Jose kuruvilla,** *Dallas, +1 972 394 1904*
**Mathew Vairamon,** *Houston +1 281 857 7538*

ലേഖനങ്ങളും, കുറിപ്പുകളും, മാസിക സംബന്ധിച്ച എല്ലാ എഴുത്തുകളും വരിസംഖ്യയും, സഹോദരിമാരോട് , ബാലപംക്തി, മൊഴിയും മഷിയും, മൂത്തച്ചായനും അനുജന്മാരും അയക്കേണ്ട വിലാസം

**Manager Suviseshakan**
Bible Bhavan, P.O. Box 32,
By Pass Road, Madurai - 625 016, T.N.
Email: suviseshakan@gmail.com
Phone: 0452 238 3734 | Cell: 9894902877

സംഭാവനകളും ചെക്കുകളും അയക്കുന്നവർ വിദേശത്തുള്ളവർ JAMES CHERIAN എന്നും ഇന്ത്യയിലുള്ളവർ SUVISESHAKAN എന്നും എഴുതി അയച്ചാലും

*Overseas Representatives*

**U.S.A.**

| | |
|---|---|
| *New York & other States* | **Sam Mathew** Ph.: 972 869 1176 |
| *New Jersey:* | **George Samuel** Ph.: 201 385 6633 |
| **Canada** | **George Mathew** Ph.: 647 208 5775 |
| **UK** | **Samuel Kundukulam** Ph.: 1843 295293 |

**Gulf Countries**

| | |
|---|---|
| *Oman:* | **Biju Samuel** Tel.No: 22010217 |
| *Bahrain:* | **Raju Mathew** Cell: 36050510 |
| *Kuwait:* | **Mathukutty Thomas** Ph.: 65521570 |
| *Doha:* | **Johnson M.S** Ph.: 44884257 |
| *UAE:* | **John Abraham** Ph.: 971 505644174 |
| | **Shaiju Mathew** Ph.: 971 506365691 |

വരിസംഖ്യ ഒരാണ്ടത്തേക്ക് ഇന്ത്യയിൽ രൂപ. **Rs.150**
**USA, UK & Canada: Air-mail US $50**
**Gulf Countries: Rs.1800**

യു.എസ് മിത്രങ്ങൾ ഡോളർ ചെക്ക് അയക്കുന്നുവെങ്കിൽ SUVISESHAKAN INC. എന്നെഴുതി താഴെക്കാണുന്ന വിലാസത്തിലയച്ചാലും

**Suviseshakan Inc.**
5028 Stagecoach Way Grand Praire,
Texas 75052, USA | Cell: +1 714 914 4605

**Suviseshakan WhatsApp : +91 9894968972**

**നിങ്ങളുടെ അഡ്രസ്സ് മാറുമ്പോൾ പുതിയ വിലാസത്തോടൊപ്പം പഴയവിലാസവും ഞങ്ങളെ അറിയിക്കുക. എല്ലാ എഴുത്തുകളിലും നിങ്ങളുടെ രജിസ്റ്റർ നമ്പർ കാണിക്കണം.**

| | |
|---|---|
| Name: | **Suviseshakan - S/B. A/c. No. 67166811774** |
| | **James Cherian - NRI A/c. No. 67067554863** |
| Our Bank: | **State Bank of India** • Branch: **By Pass Road, Madurai 625016** |
| IFS Code: | **SBIN0011068** • Swift Code: **SBININBB454** |

സുവിശേഷകൻ മാസികയിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്തം എഴുത്തുകാർക്കു മാത്രമാണ്

# സുവിശേഷകൻ

## പത്രാധിപലേഖനം

## I
## സഭയുടെ കൂടിവരവുകൾ



കൊറോണ വൈറസ് മൂലമുള്ള പ്രശ്നങ്ങൾക്ക് പൂർണ്ണ പരിഹാരം ആയിട്ടില്ലെങ്കിലും, അതു വരുത്തുന്ന ഭീതിക്കും, പരിമിതികൾക്കും തെല്ലൊരു ശാന്തി വന്നിരിക്കുന്നു എന്നു പറയാം. ദൈവജനത്തിന് അതാതിടങ്ങളിൽ കൂടിവരുവാൻ ഇടയാക്കുന്നു എന്നുള്ളത് വലിയ ആശ്വാസമാണ്. ഈ നില എത്രനാൾ തുടരും എന്നു തീർച്ചയായി ആർക്കും പറവാൻ സാധ്യമല്ല. എന്നാൽ കർത്താവ് അനുവദിക്കാതെ യാതൊന്നും ഭവിക്കുന്നില്ലല്ലോ.

ദൈവജനം ഒന്നിച്ചു സഭയായി കൂടുന്നത് സന്തോഷകരമെങ്കിലും സൂമിലെ സാങ്കല്പിക കൂടിവരവായിരുന്നു നല്ലതെന്നു ചിന്തിക്കാത്തവരും ഇല്ലാതില്ല. എന്നാൽ, ഓൺലൈൻ പ്ലാറ്റ്ഫോം പല ശുശ്രൂഷകൾക്കും നല്ലതെങ്കിലും അവ സ്ഥലംസഭകളുടെ കൂടിവരവുകൾക്ക് പകരമാകുന്നില്ല. സ്ഥലംസഭകളുടെ സജീവവും ഫലകരവുമായ ആസ്ഥിക്യത്തിന് കൂടിവരവുകൾ അവിഭാജ്യഘടകങ്ങളാണ്. അവിടെയാണ് വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിക്കും, ശാസനത്തിനും, ഗുണീകരണത്തിനും ഒക്കെ ഇടയാകുന്ന ശുശ്രൂഷകൾ നടക്കേണ്ടത്.

പുതിയനിയമത്തിൽ, കൂടിവരവുകൾ സംബന്ധിച്ച പരാമർശങ്ങളും കൂടിവരവുകളുടെ പ്രാധാന്യം കാണിക്കുന്നതാണ്. രണ്ടോ മൂന്നോ പേർ തന്റെ നാമത്തിൽ കൂട്ടിവരുത്തപ്പെടുന്നേടത്ത് താനുണ്ടെന്നു കർത്താവ് പറഞ്ഞു (മത്താ.18:20). സ്ഥലംസഭകളും ഏഴു വിധ കൂടിവരവുകളെക്കുറിച്ചു വചനത്തിൽ കാണുന്നു. (അപ്പൊ. 2:42, 47, 14:27, 20:7, കൊലൊ.4:16, 1 കൊരി. 5:4). സ്ഥലംസഭകൾക്കുള്ള പ്രമാണങ്ങൾ നല്കിയിരിക്കുന്ന കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ, 11 മുതൽ 14 വരെ അദ്ധ്യായങ്ങളിൽ കൂടിവരവുകളെക്കുറിച്ച് ആവർത്തിച്ച് പ്രസ്താ

വിച്ചിരിക്കുന്നു. സാക്ഷാൽ കൂടിവരവുകൾ സാദ്ധ്യമല്ലാതെയിരുന്നപ്പോൾ, സാങ്കല്പിക കൂടിവരവുകൾ ആവശ്യമായിരുന്നു എങ്കിലും, ചില ശുശ്രൂഷകൾക്ക് അത് ഇനിയും ഉപകരിക്കുമെങ്കിലും, അത് സഭാകൂടിവരവുകൾക്ക് പകരമായി കരുതുന്നത് അക്ഷന്തവ്യമാണ്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഇനിയും ഓൺലൈൻ ക്ലാസ്സുകൾ മതിയെന്നു ആരും ശഠിക്കാറില്ല. ക്ലാസ്സുകളിൽവന്ന് നേരിട്ടു പഠിക്കുന്നത് പല നിലകളിൽ ആവശ്യമാണ്. വിദ്യാർത്ഥിക്ക് അദ്ധ്യാപകർ നല്കുന്ന വ്യക്തിപരമായ ശ്രദ്ധ, അദ്ധ്യാപകരോടും മറ്റു വിദ്യാർത്ഥികളോടും സഹകരിച്ചു വരുന്ന മാനസികവളർച്ച. ജീവിതത്തിൽ വരേണ്ട ശിക്ഷണബോധം, ഇങ്ങനെ പല കാര്യങ്ങൾ കുട്ടികളിലുണ്ടാകുന്നത് നേരിട്ടുള്ള വിദ്യാഭ്യാസത്തിലാണ്. ഇതിലധികം രീതികളിൽ സ്ഥലംസഭയുടെ കൂടിവരവുകൾ പ്രാധാന്യം അർഹിക്കുന്നതാണ്. സഭാപരിപാലനം, കൃപാവരങ്ങളുടെ ഉപയോഗം, തമ്മിൽത്തമ്മിൽ നല്കേണ്ട പ്രോത്സാഹനം, തമ്മിൽ ഭാരങ്ങളെ ചുമക്കുക, ഇങ്ങനെ സ്ഥലംസഭകളിൽ പരിമിതപ്പെട്ടുപോകുന്നത്. ദൈവമക്കൾ നേരിട്ട് കൂടുമ്പോൾ തമ്മിൽ തമ്മിൽ പ്രശ്നങ്ങൾ പങ്കിടുവാൻ കഴിയുന്നു. തമ്മിൽ പറയുവാൻ കഴിയാത്തതും കണ്ടു മനസ്സിലാക്കുന്നു. സാങ്കല്പിക കൂട്ടായ്മ ഇതിനൊന്നും ഉതകുന്നതല്ല. "നിങ്ങളുടെ സന്തോഷം പൂർണ്ണമാകേണ്ടതിന് നിങ്ങളുടെ അടുക്കൽവന്ന് മുഖാമുഖമായി സംസാരിപ്പാൻ ആശിക്കുന്നു" എന്നു യോഹന്നാൻ അപ്പോസ്തലൻ പറഞ്ഞത് ഇതുകൊണ്ടാവാം (2 യോഹ. 12).

സ്ഥലംസഭകൾ കൂടിവരുവാൻ ഒരു സാധ്യത കർത്താവ് തന്നിരിക്കെ, അവ കർത്താവിന് പ്രസാദമുള്ളതായിരിക്കുവാനും ദൈവജനം ശ്രദ്ധിക്കണം. മുൻകാലങ്ങളിലുണ്ടായിരുന്ന കുറവുകൾക്ക് നീക്കം വരണം. സഭയിലെ മൂപ്പന്മാർപോലും യോഗങ്ങൾക്കു താമസിച്ചുവരുന്നത്, അശ്രദ്ധയായുള്ള ഇരിപ്പ്, ആരാധന കണ്ടുപോകുന്ന രീതി, ഇടയ്ക്കൊരു ഇറങ്ങിപ്പോക്ക്, സഭയിലെ മൊബൈൽ ഉപയോഗം, ദീർഘമായ മൗനം, തമ്മിൽ തിരിഞ്ഞ് നോക്കുവാൻപോലും മനസ്സില്ലാതെയുള്ള കൂട്ടായ്മ, യോഗാനന്തരം തിരക്കിട്ടോടി പോകുവാനുള്ള ഭാവം, ഇങ്ങനെ എത്രയോ തെറ്റായ രീതികൾക്കും, ഭാവങ്ങൾക്കുമാണ് നീക്കം വരേണ്ടത്.

ആത്മീയ ഒരുക്കത്തോടെ കൂട്ടായ്മകൾക്കു പോകാം കർത്താവിനോടും സഹവിശ്വാസികളോടുമുള്ള ഒരുമയ്ക്ക് പ്രാധാന്യം നല്കാം. കൃപാവരങ്ങളെ ജ്വലിപ്പിക്കാം. മറ്റുള്ളവരുടെ ആത്മീകാഭിവൃദ്ധിയും ദൈവനാമ മഹത്വവും ലാക്കാക്കാം. ശുശ്രൂഷയുടെ നിലവാരം ഉയർത്താം. ഇതിനുള്ള ദൈവകൃപയ്ക്കായി കേഴാം. "ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ നമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവർത്തിക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു" (എബ്രാ.10:24). കർത്താവ് നമ്മുടെ കൂടിവരവുകളിൽ പ്രസാദിക്കുമാറ് സഭയുടെ കൂടിവരവുകളായിത്തീരട്ടെ.

(T. B.T)

# II
## ഭരണഘടനയുടെ അംഗീകാരം



ഓരോ രാജ്യത്തിനും അവരവരുടേതായ ഭരണഘടന വിഭാവനം ചെയ്തു രേഖാമൂലം ആക്കിവച്ചിട്ടുണ്ട്. അതിൽ പൊതുവായിട്ടുള്ള ഭരണത്തിന്റെ ഘടന, എല്ലാവിധ നിയമലംഘനത്തിനുമുള്ള ശിക്ഷാവിധിയെപ്പറ്റിയും വിശദീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കും ഭരണകർത്താക്കൾ ഭരിക്കേണ്ടുന്നതും, കോടതികൾ വിവിധ കുറ്റകൃത്യങ്ങൾക്ക് ശിക്ഷാവിധി നടപ്പാക്കുന്നതും. ഈ ഭരണഘടനയെ ആ രാജ്യത്തുള്ള സകലമനുഷ്യരും ചോദ്യം ചെയ്യാതെ അംഗീകരിക്കുകയും അനുസരിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ ഭരണഘടനയെ ആർക്കും തള്ളിപ്പറയുവാൻ ഇടയാകരുത്. അത് ലംഘനമായി കണക്കാക്കി അവർക്കു ഭരണഘടനയിൽ പറയുന്ന ശിക്ഷ നടപ്പാക്കുക തന്നെ ചെയ്യും. അത് നിയന്ത്രിക്കുന്നതിനു ഓരോ രാജ്യത്തും കോടതികൾ പ്രവർത്തിക്കുന്നു. ഈ നിയമങ്ങൾ രാജ്യഭരണാധിപൻ മുതൽ ഒരു സാധാരണ പൗരനുവരെ ബാധകമാണ്. എല്ലാവരും ഭരണഘടനയുടെ കീഴിലാണ്, അടിസ്ഥാനത്തിലാണ് പ്രവർത്തിക്കേണ്ടുന്നത്. അതിൽ വ്യാഖ്യാനങ്ങൾക്കും, സ്വന്ത അഭിപ്രായങ്ങൾക്കും യാതൊരു സ്ഥാനവുമില്ല. ആര് അതിനെ തള്ളിപ്പറഞ്ഞാലും രാജ്യദ്രോഹ കുറ്റമായി കരുതി അവർക്കെതിരെ നടപടികൾ എടുക്കും.  ഈ വസ്തുതകൾ എല്ലാ രാജ്യപൗരന്മാരും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടുന്ന അതിപ്രധാനമായ വസ്തുതയാണ്.

എല്ലാ ക്രിസ്തുവിശ്വാസികളും അവരുടെ ജീവിതത്തിന്റെ അന്ത്യം വരെ കൃത്യമായി പാലിക്കേണ്ട നിയമങ്ങൾ അടങ്ങിയ പുസ്തകമാണ് "വിശുദ്ധപുസ്തകം". ശരിയായ ക്രിസ്തീയമാർഗ്ഗം എന്തെന്നു അതിൽ രേഖപ്പെടുത്തി നല്കിയിട്ടുണ്ട്. ഓരോ ക്രിസ്തുവിശ്വാസികളും അതിനനുസൃതമായി, അതിൽ രേഖപ്പെടുത്തിയ നിയമാവലി അനുസരിച്ചുവേണം ജീവിക്കുവാൻ. അതിൽ എഴുതിയിരിക്കുന്നത് വള്ളി എങ്കിലും പുള്ളി എങ്കിലും മാറ്റുവാൻ ആർക്കും അനുവാദമില്ല. "ഈ പുസ്തകത്തിൽ എഴുതിയതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും".

ദൈവവചനത്തിൽ എഴുതിയത് അനുസരിക്കുന്നവൻ അഥവാ പ്രമാണിക്കുന്നവൻ ഭാഗ്യവാൻ ഏതൊരു വ്യക്തിയും അവരവരുടെ ഇച്ഛയ്ക്കു അനുസരിച്ച് ഇതിൽ എഴുതിയതിനെ വ്യാഖ്യാനിക്കുവാനോ, മാറ്റി മറിക്കുവാനോ, വിപരീതമായി പ്രവർത്തിക്കുവാനോ ഇടയാകരുത്. ജീവപുസ്തകത്തിൽ പേര് എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും സത്യമായ ദൈവരാജ്യത്തിൽ കടക്കയില്ല. വാസ്തവമായ നിലയിൽ മാനസാ

ന്തരം ഉണ്ടായി കർത്താവായ യേശുക്രിസ്തു ദൈവപുത്രനെന്നും, കാൽവറികുരിശിൽ താൻ മനുഷ്യപാപത്തിനായി മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു എന്നത് ഹൃദയംകൊണ്ടു വിശ്വസിച്ചു, ചെയ്തുപോയ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച്, ഒരു വീണ്ടുംജനനത്തിന്റെ അനുഭവം ഉള്ളവർക്കാണ് ക്രിസ്തു മുഖാന്തിരം രക്ഷ ലഭിക്കുന്നത്. അവർ ലോകത്തിന്റെ മ്ലേച്ഛതകളിൽനിന്നും വേർപെട്ട് ഒരു വിശുദ്ധജീവിതം തിരുവചന അടിസ്ഥാനത്തിൽ ജീവിക്കേണ്ടതാണ്. അവർക്കുവേണ്ട എല്ലാ നിർദ്ദേശങ്ങളും വചനത്തിൽക്കൂടെ നല്കിയിട്ടുണ്ട്. അത് അതേപോലെ അനുസരിച്ച് ജീവിക്കുവാൻ എല്ലാ ക്രിസ്തുവിശ്വാസികൾക്കും ഇടയാകേണ്ടതാണ്. അനുസരണക്കേടു പാപമാണ്. അതിനു ശിക്ഷാവിധി ഉണ്ടാകും. ശരിയായി രക്ഷിക്കപ്പെട്ട ഒരു വ്യക്തി ഈ ലോകത്തിൽതന്നെ ശിക്ഷ അനുഭവിക്കേണ്ടതായി വരും, സംശയമില്ല.

തിരുവചനം ദൈവശ്വാസീയമാണ്. മനുഷ്യന്റെ സ്വന്ത ഇഷ്ടപ്രകാരം എഴുതിവച്ചതല്ല. ദൈവം തന്റെ ആത്മാവിനാൽ എഴുതിച്ചതാണ്. അതുകൊണ്ടാണ് “വിശുദ്ധവേദപുസ്തകം” എന്നും സംബോധന ചെയ്യുന്നത്. ഈ വചനത്തിൽ നിർബന്ധവിഷയങ്ങളാണ് അധികവും. ഇന്ന് എല്ലാം ഐശ്ചികവിഷയങ്ങൾ ആക്കിമാറ്റി, വചനവിരുദ്ധമാക്കി, നിർബന്ധവിഷയങ്ങളെ ഘടകവിരുദ്ധമാക്കി ഉപദേശസത്യങ്ങളിൽനിന്നും വിശ്വാസികളെ തെറ്റിച്ചുകളയുന്ന പ്രവണത ഒരു കാരണവശാലും ന്യായീകരിക്കുവാൻ സാധിക്കുന്നതല്ല. ത്രീയേക ദൈവത്തിന്റെ നാമത്തിൽ നടത്തപ്പെടേണ്ട വിശ്വാസസ്നാനം വെറുതെ വെള്ളത്തിൽ മുക്കിയെടുത്താൽ അത് ക്രിസ്തീയവിശ്വാസസ്നാനം ആകുമോ? വിവാഹമോചനം ഒരു കാരണവശാലും പാടില്ല എന്നു വചനം പറയുമ്പോൾ, അതിനെ വികലമാക്കി, ഒരു വിലയും ഇല്ലാതാക്കി സഭകൾ അംഗീകരിക്കുന്ന പ്രവണത അംഗീകരിക്കുവാൻ സാധിക്കുമോ? ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ പ്രാദേശികസഭകളായി കൂടിവന്ന് കർത്താവിന്റെ കഷ്ഠാനുഭവങ്ങളെ ഓർത്തുകൊണ്ട് കർത്താവിന്റെ കല്പന കൊണ്ടാടുന്നതോടൊപ്പം, കർത്താവിനെ നന്ദിയോടെ ഓർത്തു സ്തുതിയും സ്തോത്രവും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കുകയും, ചെയ്യുന്നതിനെ വികലമാക്കി, രണ്ടും രണ്ടാക്കി ചിത്രീകരിച്ച് ആർക്കും എവിടെയും എങ്ങനെയും ആകാം എന്ന പഠിപ്പിക്കലുകളാക്കി മാറ്റുന്നു. പ്രാദേശിക ‘സഭ’ സംഘമാണെന്നും, സംഘടന അല്ല എന്നുമുള്ള അടിസ്ഥാന പഠിപ്പിക്കൽ മാറ്റി എല്ലാം ഒരു സംഘടനയുടെ നേതൃത്വത്തിൽ ആക്കി സ്ഥലംസഭാ സ്വാതന്ത്ര്യം എന്ന അമൂല്യ ഉപദേശസത്യത്തെ കാറ്റിൽ പറത്തുന്ന പുതിയ പ്രവണത അംഗീകരിക്കുകയോ? വിശ്വാസജീവിതത്തിൽ പാലിക്കേണ്ട വേർപാട് അനുഷ്ഠാനം ജീവിതവിശുദ്ധി ഈ കാലത്ത് ആവശ്യമില്ല എന്ന പുതിയ പഠിപ്പീരും അംഗീകരിക്കുന്ന സമൂഹം; ദുരുപദേശക്കാരുമായി ചേർന്നുപോകുന്നതിൽ തെറ്റില്ല എന്ന പുതിയ ആശയം. ഇതെല്ലാം വചനവിരുദ്ധമെന്നു കാണുവാനോ സത്യത്തിനായി നിലകൊള്ളുവാനോ അനേകർക്കും സാധിക്കുന്നില്ല. വചനം അനുസരിക്കാത്തവർക്ക് ദൈവീക ശിക്ഷാവിധി അനുഭവിക്കേണ്ടതായി വരും എന്നത് ഒരു മുന്നറിയിപ്പാണ്. (M.P)

# അനീതിയുള്ള കാര്യവിചാരകന്റെ ഉപമ

*തോംസൺ ബി. തോമസ്, മുംബൈ*

യേശുക്രിസ്തു പറഞ്ഞ ഉപമയിൽ പ്രധാനപ്പെട്ട ഒന്നാണ് അനീതിയുള്ള കാര്യവിചാരകന്റെ ഉപമ. ഇതിലൂടെ തന്റെ ശിഷ്യന്മാർക്കും പരീശന്മാർക്കും ആവശ്യമായ പാഠങ്ങൾ കർത്താവ് പഠിപ്പിക്കുകയായിരുന്നു. ലൂക്കോസിന്റെ സുവിശേഷം 16:1-13 വരെ ഭാഗത്ത് ഇത് രേഖപ്പെടുത്തിയിരിക്കുന്നു. നിത്യത നോക്കി ഇന്നത്തെ ജീവിതം ക്രമീകരിക്കുവാനുള്ള നിർദ്ദേശം ഈ ഉപമയിൽനിന്ന് നമുക്കു ലഭിക്കുന്നു. പല തെറ്റായ ധാരണകൾക്കും സാധ്യതയുള്ള ഈ ഉപമ ശരിയായ നിലയിൽ മനസ്സിലാക്കുവാൻ ആവശ്യമാണ്.

**ഉപമയുടെ സാരാംശം:** ഈ ഉപമയിലെ പ്രധാനവ്യക്തികൾ ധനവാനായൊരു മനുഷ്യനും തന്റെ കാര്യവിചാരകനുമാണ്. ഒരു കാര്യവിചാരകൻ യജമാനന്റെ അഭാവത്തിൽ, തന്റെ ഭവനവും വസ്തുവകകളും കൈകാര്യം ചെയ്യുന്നവനാണ്. കാര്യവിചാരകന്മാരിൽ വിശ്വസ്തത ആവശ്യമെങ്കിലും, ഉപമയിലെ കാര്യവിചാരകന് വിശ്വസ്തത ഒട്ടുമില്ലായിരുന്നു. യജമാനൻ ഇതു മറ്റുള്ളവരിൽനിന്നും മനസ്സിലാക്കുന്നു. തന്നോടു കാര്യവിചാരത്തിന്റെ കണക്ക് ചോദിക്കയും, 'നീ ഇനി കാര്യവിചാരകനായിരിപ്പാൻ പാടില്ല' എന്നു അറിയിക്കയും ചെയ്തു.

തന്റെ ഭാവി അപകടത്തിലാകും എന്നറിഞ്ഞ്, കാര്യവിചാരകത്വത്തിൽനിന്നു വിട്ടശേഷമുള്ള തന്റെ ഭാവി ഭദ്രമാക്കുവാൻ താൻ ചിന്തിച്ച് ബുദ്ധിയോടെ പ്രവർത്തിച്ചു. കടക്കാരിൽ ഓരോരുത്തരേയും വിളിച്ച് അവരുടെ കടങ്ങളെ ഇളച്ചു കൊടുത്തു. ഭാവിയിൽ അവർ തനിക്ക് നന്മ ചെയ്യും എന്ന ഉദ്ദേശ്യത്തോടെയായിരുന്നു താൻ ഇതു ചെയ്തത്. യജമാനൻ ഇത് അറിഞ്ഞ് താൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് കാര്യവിചാരകനെ പ്രശംസിക്കുന്നു.

**ഉപമയുടെ സാഹചര്യം:** കർത്താവ് ഊ ഉപമ തന്റെ ശിഷ്യന്മാരെയും, അവിടെയുണ്ടായിരുന്ന പരീശന്മാരോടും പറഞ്ഞതാണ് ഒന്നാം വാക്യത്തിൽ കാണുന്നത്, "പിന്നെ അവൻ ശിഷ്യന്മാരോടു പറഞ്ഞത്" എന്നാണ്. എന്നാൽ വാക്യം 14-ൽ കാണുന്നത്, "ഇതൊക്കെയും ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ടു'' എന്നാണ്. ഇതിൽനിന്നും മനസ്സിലാകുന്നത് ഇതു ശിഷ്യന്മാരോടു പ്രധാനമായി പറഞ്ഞുവെങ്കിലും പരീശന്മാരുടെ കേൾവിയിലാണ് പറഞ്ഞത്. ലൂക്കൊസ് പന്ത്രണ്ടാം അദ്ധ്യായം മുതൽ പരീശന്മാരുടെ തെറ്റായ രീതികളെ കർത്താവ് നിശിതമായി വിമർശിക്കുന്നത് കാണാം. പന്ത്രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ, പരീശന്മാരുടെ പുളിച്ചമാവായ കപടഭക്തിയെ സൂക്ഷിച്ചുകൊൾവാൻ പറയുന്നു. പിന്നീട്, "സകലദ്രവ്യാഗ്രഹവവും വിട്ടൊഴിഞ്ഞുകൊൾവീൻ'' (12:15) എന്ന് പറഞ്ഞതും പരീശന്മാരെ മനസ്സിൽ കണ്ടാവാം. "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും" (14:11) എന്നു കർത്താവ് പറഞ്ഞതും പരീശപ്രമാണികളിൽ ഒരുത്തന്റെ ഭവനത്തിലായിരുന്നു. നഷ്ടപ്പെട്ടവയുടെ ഉപമയും കർത്താവ് പറഞ്ഞത്, ''ഇവൻ പാപികളെ കൈക്കൊണ്ട് അവരോടുകൂടി ഭക്ഷിക്കുന്നു" എന്ന് പരീശന്മാരും ശാസ്ത്രിമാരും പിറുപിറുത്ത് പറഞ്ഞതാണ് കാരണം 15:1,2). മുടിയൻപുത്രന്റെ

കഥയിലെ മൂത്തമകൻ കാണിച്ചത് പരീശന്മാരുടെ സ്വഭാവമാണ് (15: 25-32). 16-ാം അദ്ധ്യായത്തിലെ ഉപമകളും പരീശന്മാരുടെ, ഭൗതീകകാര്യങ്ങളോടുള്ള അവിശ്വസ്തതയേയും തെറ്റായ മനോഭാവത്തെയും കാട്ടുന്നതാണ്.

പരീശന്മാർ ഉൾപ്പെട്ട യെഹൂദന്മാർ പൊതുവെ ധരിച്ചിരുന്നത് അധികം ഭൗതികാനുഗ്രഹങ്ങൾ ദൈവപ്രസാദത്തിന്റെ അടയാളങ്ങളാണ് എന്നാണ്. പഴയനിയമകാലത്ത് യിസ്രായേലിനുണ്ടായിരുന്ന വാഗ്ദത്തങ്ങൾ ഭൗതികമായ കാര്യങ്ങളായിരുന്നു (ആവ.28). അത് നിമിത്തമാണ് ഈ തെറ്റായ ധാരണ പിടിച്ചു കൊൾവാൻ കാരണമായത് ഈ ധാരണയെ തിരുത്തുന്നതാണ് ലൂക്കൊസ് പതിനാറിലെ ഉപമകൾ ഈ നിലയിൽ അനീതിയുള്ള കാര്യവിചാരകന്റെ ഉപമ ശിഷ്യന്മാരോടു കർത്താവു പറഞ്ഞുവെങ്കിലും കേട്ടുനിന്നിരുന്ന പരീശന്മാർക്കും ഉള്ളതായിരുന്നു.

ശിഷ്യന്മാരോട് ഈ ഉപമ പറയുവാൻ കാരണം ഇതിന് തൊട്ടുമുൻപു പറഞ്ഞ മുടിയൻ പുത്രന്റെ കഥ അവരിൽ ഉളവാക്കിയ തെറ്റായ മനോഭാവമായിരിക്കാം. തങ്ങൾ മുടിയൻപുത്രനെപ്പോലെ അല്ലല്ലോ എന്നവർ അഭിമാനിച്ചിരിക്കാം. മുടിയൻപുത്രൻ തനിക്കുള്ളതൊക്കെയും നശിപ്പിച്ചു നഷ്ടമാക്കി. അവനെപ്പോലെ അല്ലാതെ ഇരുന്നാൽ മാത്രം പോരാ, തങ്ങൾക്കുള്ളതുകൊണ്ട്, ബുദ്ധിയോടെ പെരുമാറി, ഈ ലോകജീവിതത്തിന് അപ്പുറമുള്ള ജീവിതത്തിനായി അവൻ തയ്യാറാകേണം. അതിനായുള്ള നിർദ്ദേശം നല്കുന്നതിന് കർത്താവ് ശിഷ്യന്മാരോടു ഈ ഉപമ പറഞ്ഞു.

**ചില വിശദീകരണങ്ങൾ :** അനീതിയുള്ള കാര്യവിചാരകൻ യജമാനന്റെ കടക്കാരോട് ഇളച്ചുകൊടുക്കുന്നത് ഒരുപോലെ ആയിരുന്നില്ല. നൂറു കുടം എണ്ണ കടംപെട്ടിരുന്നവന് അതു അൻപതാക്കി കുറച്ചുകൊടുക്കുന്നു. നൂറു പറ കോതമ്പ് അത് എൺപതായി ഇളച്ചുകൊടുക്കുന്നു. കടം ഇളച്ച് കൊടുക്കുന്നതിലുള്ള ഈ വ്യത്യാസം, കോതമ്പിന്റേയും എണ്ണയുടെയും വിലയുള്ള വ്യത്യാസം കണക്കാക്കിയോ, ഏതു കടക്കാരൻ തനിക്കു ഭാവിയിൽ കൂടുതൽ പ്രയോജനമായിരിക്കും എന്നത് ചിന്തിച്ചോ ആയിരിക്കാം.

കാര്യവിചാരകൻ കടക്കാർക്കു കടം ഇളച്ചു കൊടുത്തത് അറിഞ്ഞുള്ള, യജമാനന്റെ പ്രതികരണവും ശ്രദ്ധേയമാണ്. കർത്താവ് ഇങ്ങനെയാണ് അതു സംബന്ധിച്ചു പറയുന്നത്, “ഈ അനീതിയുള്ള കാര്യക്കാരൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ പുകഴ്ത്തി'' (വാ.8). കടം ഇളച്ചുകൊടുത്ത്, തനിക്ക് നഷ്ടം വരുത്തിയിട്ടും, യജമാനൻ അവനെ പുകഴ്ത്തുകയാണ്. ഇതിനു കാരണം ഉപമയിൽ നല്കിയിട്ടില്ലെങ്കിലും നമുക്കു അനുമാനിക്കാൻ കഴിയുന്നതാണ്. ഈ കടക്കാർക്ക് കടം ഇത്രയും കണക്കാക്കിയത് അന്യായമായിട്ടിരിക്കാം. ന്യായപ്രമാണവും, ലോകനിയമവും അനുവദിക്കാത്ത വലിയ പലിശ കടക്കാരുടെ പേരിൽ കണക്കിട്ടിരിക്കാം. ന്യായപ്രമാണം പറയുന്നത് ഒരു സഹോദരൻ ദരിദ്രനായി തീർന്നാൽ, ‘അവനോടു പലിശയും ലാഭവും വാങ്ങരുത്'' എന്നാണ് (ലേവ്യ.25:35,26). എന്നാൽ ഈ യജമാനൻ ഈ നിയമം പാലിച്ചിരുന്നില്ല. അങ്ങനെ അന്യായമായി കൂട്ടിയ ബാധ്യത ആയിരിക്കാം, ഈ അനീതിയുള്ള കാര്യക്കാരൻ ഇളച്ചുകൊടുത്തത്. ഇതിന് എതിരായി യജമാനൻ ശബ്ദമുയർത്തിയാൽ താൻ ചെയ്യുന്ന അന്യായം പുറത്തുവരികയേ ഉള്ളൂ. താൻ ന്യായപ്രമാണലംഘിയെന്ന് മറ്റുള്ളവർ അറിവാൻ ഇടവരും. യജമാനൻ കാര്യവിചാരകനെ പ്രശംസിച്ചത് ഉള്ളിൽ വലിയ നീരസത്തോടെയായിരിക്കാം.

കാര്യവിചാരകൻ കടക്കാരുടെ പ്രീതിയും സമ്പാദിച്ചു.

**ഉപമയിലെ സാരം:** ഈ ഉപമ നല്കുന്ന പാഠങ്ങൾ ലഭിക്കുവാൻ അത് വ്യാഖ്യാനിച്ചെടുക്കുവാൻ ആവശ്യമില്ല 16:8-13 വരെ വാക്യങ്ങളിൽ കർത്താവുതന്നെ അതു വ്യക്തമാക്കുന്നു. താഴെക്കാണുന്നവയാണ് ഈ ഉപമയിൽ ലഭിക്കുന്ന പാഠങ്ങൾ.

*ഒന്നാമതായി,* നാം ഭൗതികനന്മകൾ മുഖാന്തിരം നിത്യതയ്ക്കായി സ്നേഹിതന്മാരെ ഉണ്ടാക്കേണം (വാ.9) "മാമ്മോൻ" എന്ന വാക്ക് സമ്പത്തിനുള്ള അരാമ്യവാക്കാണ്. അതിനെ 'അനീതിയുള്ള' എന്നു വിശേഷിപ്പിച്ചത്. ധനം അനീതി നിറഞ്ഞ ലോകത്തോട് ബന്ധപ്പെട്ടതും, അനീതിയ്ക്ക് കാരണമാകുന്നതും, വഞ്ചനാപരവും ആയതുകൊണ്ടാണ്. എന്നാൽ, അത് ബുദ്ധിയോടെ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കുമെങ്കിൽ നിത്യതയിൽ ധാരാളമായ പ്രവേശനത്തിന് കാരണമാകും. ഉപമയിലെ കാര്യവിചാരകൻ തന്റെ അധികാരത്തിലിരുന്ന യജമാനനു വരേണ്ട ധനം, ബുദ്ധിയോടെ കൈകാര്യം ചെയ്തു കടക്കാരെ തന്റെ വശത്താക്കി.

*രണ്ടാമതായി,* ഭൗതികമായത് കൈകാര്യം ചെയ്യുന്നതിൽ വിശ്വസ്തത ഉണ്ടായിരിക്കണം (വാ. 10-12). ഇവിടെ 'അത്യല്പം, 'മാമ്മോൻ', 'അന്യമായത്'' എന്നീ പ്രയോഗങ്ങൾ ഭൗതികകാര്യങ്ങളെ കാണിക്കുന്നതാണ്. 'അധികം', 'സത്യമായതത്'', 'സ്വന്തമായത്'' എന്നീ പ്രയോഗങ്ങൾ കാണിക്കുന്നത് ആത്മീക ഉത്തരവാദിത്തങ്ങളെയാണ്. ഭൗതികമായവയിൽ വിശ്വസ്തത ഇല്ലാത്തവർ ആത്മീകകാര്യങ്ങളിലും വിശ്വസ്തരായിരിക്കുകയില്ല. അനീതിയുള്ള കാര്യവിചാരകൻ യജമാനന്റെ വകകൾ "നാനാവിധമാക്കുന്നു" (16:1). ഇതുതന്നെ മുടിയൻപുത്രനെക്കുറിച്ചു 15:13-ൽ കാണുന്നു.

*മൂന്നാമതായി,* പരമാർത്ഥതയോടെ ഒരു യജമാനനെ നാം സേവിക്കേണം (വാ.13). കർത്താവ് പറഞ്ഞു, "രണ്ട് യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല", "നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല" ഒരു ദൈവപൈതലിന്റെ ലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുന്നത് മാത്രമായിരിക്കണം ലോകമക്കൾ ലൗകിക കാര്യങ്ങൾ ബുദ്ധിയോടെ ചെയ്യുന്നതുപോലെ, വെളിച്ചത്തിന്റെ മക്കൾ ആത്മീയ കാര്യങ്ങൾ ആത്മീകജ്ഞാനത്തോടെ ചെയ്യേണം. ✿

## പ്രായമുള്ളവർ പറയുന്നു

- ✪ അനുഭവം അറിവിന്റെ മാതാവാകുന്നു.
- ✪ മുഖം മനുഷ്യന്റെ പ്രായം പറയും.
- ✪ ആഴമുള്ള വെള്ളത്തിൽ അലയില്ല
- ✪ കപടമില്ലാത്തവനാണ് ധനികൻ.
- ✪ തെന്നലുള്ള സ്ഥലത്ത് പതുക്കെ പോവുക.
- ✪ ആരെക്കൊണ്ടും തീർക്കാൻ കഴിയാത്ത പ്രശ്നം കാലംകൊണ്ടു തീരും.
- ✪ നിന്റെ വൈദ്യനിൽനിന്നും ഒന്നും മറച്ചുവെയ്ക്കരുത്.
- ✪ അമിത വേഗത, വേഗതയെ നശിപ്പിക്കും.
- ✪ മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട്.
- ✪ കടമില്ലാത്തവനാണ് ധനികൻ.
- ✪ ഉയരുന്തോറും വീഴ്ച ഭയങ്കരമായിരിക്കും.
- ✪ സംശയം മനസ്സിന്റെ വിഷമാണ്.

# ക്രിസ്തു - രാജാവ്



"നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവ ജാതികളിന്മേലും സകല ഭൂചര ജന്തുവിന്മേലും വാഴുവീൻ" എന്നായിരുന്നു ആദാം ഹവ്വമാർക്ക് ദൈവം കൊടുത്ത കല്പന. വാഴുവാനാണ് അവൻ അവരെ സൃഷ്ടിച്ചത്. എന്നാൽ അവർ പാപം ചെയ്തു ദൈവീക അനുഗ്രഹങ്ങൾക്ക് അർഹതയറ്റവരായിത്തീർന്നു. വാഴ്ച "വീഴ്ച"യിൽ പര്യവസാനിച്ചു. അന്നു മുതൽ വാഴുവാൻ മനുഷ്യർ ചെയ്തിട്ടുള്ള എല്ലാ ശ്രമങ്ങളും ഘോരവിപത്തുകൾക്കും ഭയങ്കര രക്തചൊരിച്ചിലുകൾക്കും കാരണമായി ഭവിക്കയും അങ്ങനെ നിശ്ശേഷം പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളതെന്ന്. ലോകചരിത്രത്തിന്റെ എല്ലാ പുറങ്ങളും വിളിച്ചു പറയുന്നു.

അധഃപതിച്ച ഈ മനുഷ്യവാഴ്ചയുടെ ദുഷിച്ച ചിത്രമാണ് ശമുവേൽപ്രവാചകൻ മുഖാന്തിരം ദൈവം യിസ്രായേൽജനങ്ങളെ അറിയിച്ചിട്ടുള്ളത്. "നിങ്ങളെ വാഴുവാനിരിക്കുന്ന രാജാവിന്റെ ന്യായം ഇതായിരിക്കും. അവൻ നിങ്ങളുടെ പുത്രന്മാരെ തനിക്കു തേരാളികളും കുതിരച്ചേവകരും ആക്കും. അവന്റെ രഥങ്ങൾക്കു മുമ്പേ അവർ ഓടേണ്ടിയും വരും. അവൻ അവരെ ആയിരത്തിനും അൻപതിനും അധിപന്മാരാക്കും തന്റെ നിലം കൃഷി ചെയ്‌വാനും വിളവു കൊയ്യുവാനും തന്റെ പടക്കോപ്പും തേർക്കോപ്പും ഉണ്ടാക്കുവാനും അവരെ നിയമിക്കും. അവൻ നിങ്ങളുടെ പുത്രിമാരെ തൈലക്കാരത്തികളും വെപ്പുകാരത്തികളും അപ്പക്കാരത്തികളും ആയിട്ട് എടുക്കും. അവൻ നിങ്ങളുടെ വിശേഷമായ നിലങ്ങളും മുന്തിരിത്തോട്ടങ്ങളും ഒലിവുതോട്ടങ്ങളും എടുത്ത് തന്റെ ഭൃത്യന്മാർക്ക് കൊടുക്കും. അവൻ നിങ്ങളുടെ വിളവുകളിലും മുന്തിരിത്തോട്ടങ്ങളിലും ദശാംശം എടുത്ത് തന്റെ ഷണ്ഡന്മാർക്കും ഭൃത്യന്മാർക്കും നിങ്ങളുടെ കോമളയുവാക്കളേയും നിങ്ങളുടെ കഴുതകളേയും പിടിച്ച് തന്റെ വേലയ്ക്ക് ആക്കും. അവൻ നിങ്ങളിൽ ആടുകളിൽ പത്തിലൊന്ന് എടുക്കും. നിങ്ങൾ അവനു ദാസന്മാരായിത്തീരും. നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന രാജാവിന്റെ നിമിത്തം നിങ്ങൾ അന്നു നിലവിളിക്കും. അന്നു മാത്രമല്ല ഇന്നും എന്നും എല്ലാ അധിപതികളും ഏതു രാജ്യത്തും നടത്തിയിട്ടുള്ള ഭരണരീതിയുടെ സംക്ഷിപ്തചരിത്രം നമുക്കു മുകളിൽ കാണം. ഈ മനുഷ വാഴ്ചയിൽ ഞെരുങ്ങി നിലവിളിക്കുന്ന അഗതികളുടെ ഉരഞ്ഞ ശബ്ദമാണ് യുദ്ധത്തിന്റെയും വിപ്ലവത്തിന്റെയും ക്ഷാമത്തിന്റെയും പേരിൽ നമുക്ക് ചുറ്റും മുഴങ്ങി കേൾക്കുന്നത്. കഷ്ടം! വാഴ്ചയെ കൊതിക്കുന്ന മനുഷ്യന് തന്റെ വീഴ്ചയേയും കാണാൻ കണ്ണുണ്ടായിരുന്നെങ്കിൽ!

എന്നാൽ പാപം മൂലം മനുഷ്യൻ നഷ്ടപ്പെടുത്തിയ ഈ വാഴ്ച സ്ത്രീയുടെ സന്തതിയിൽ ദൈവം വീണ്ടും വാഗ്ദത്തം ചെയ്തിട്ടുണ്ട്. വീഴ്ചയാൽ നഷ്ടപ്പെട്ടുപോയതെല്ലാം അവനിലാണ് പുനരുദ്ധരിക്കപ്പെടുന്നത്. ''അവൻ നിന്റെ തല തകർക്കും'' എന്ന വാചകം നീതിയോടെ ഭരണം നടത്തുന്ന ആ രാജാവിന്റെ നിസ്തുല വിജയത്തെ കുറിക്കുന്നു, ഈ വാഗ്ദത്തത്തിന്റെ പരിപൂർണ്ണ നിവൃത്തിയിൽ മാത്രമേ ലോകം സമാധാനം കണ്ടെത്തുകയും, ഏതു കാലത്തും ദൈവഭക്തന്മാർ വരുവാനിരിക്കുന്ന ഈ രാജാവിന്റെ ആഗമനത്തെ ആവലോടെ കാത്തിരുന്നു. അവിടുത്തെ ദിവ്യാഗമനത്തെപ്പറ്റി

ദൈവം അവർക്കു അതാതു സന്ദർഭങ്ങളിൽ വിവിധ സത്യങ്ങൾ വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തു.

''അവകാശമുള്ളവർ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല'' യാക്കോബിന്റെ ഈ ദീർഘദർശനം യെഹൂദാഗോത്രത്തിലാണ് സാക്ഷാൽ അവകാശമുള്ള ആ രാജാവിന്റെ ആഗമനം എന്നു വെളിവാക്കുന്നു. ബിലെയാം അപ്രതീക്ഷിതമായെങ്കിലും പറഞ്ഞുപോയ സുഭാക്ഷിതം കേൾക്കുക. "ഞാൻ അവനെ കാണും ഇപ്പോൾ അല്ലതാനും. ഞാൻ അവനെ ദർശിക്കും അടുത്തല്ലതാനും. യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും. അതു മോവാബിന്റെ പാർശ്വങ്ങളെയെല്ലാം തകർക്കുകയും തമൂലപുത്രന്മാരെയൊക്കെയും സംഹരിക്കുകയും ചെയ്യും". അവിടുത്തെ അജയ്യശക്തിയും നിസ്തുല പ്രതാപവുമല്ലേ ഈ പ്രവചനഭാഗം കാണിക്കുന്നത്? നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും. നിന്റെ സിംഹാസനവും ഉറച്ചിരിക്കും എന്ന് നാഥാൻപ്രവാചകൻ മുഖാന്തരം ദൈവം ദാവീദിനോടു അരുളിച്ചെയ്യുമ്പോൾ ആ വംശത്തിലാണ് ഈ നിത്യരാജാവിന്റെ ജനനമെന്നു അറിയിക്കുകയായിരുന്നു.

യെശയ്യാവും അവിടുത്തെ ആധിപത്യത്തിന്റെ അനുഗ്രഹീത അവസ്ഥകളെപ്പറ്റി വിശദമായി വിവരിച്ചിട്ടുണ്ട്. നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിലിരിക്കും. അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനമുണ്ടാകയില്ല. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നു മുതൽ എന്നന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടുംകൂടെ സ്ഥാപിച്ച് നിലനിർത്തും. മീഖാ ഈ രാജാവിന്റെ ജനനസ്ഥലം ബേത്ലഹേം ആയിരിക്കും എന്നു പ്രവചിച്ചിട്ടുണ്ട്. "അവൻ ബഹുമാനഭൂഷണം ധരിച്ച് സിംഹാസനത്തിൽ ഇരുന്നു വാഴും. അവൻ സിംഹാസനത്തിൽ പുരോഹിതനുമായിരിക്കും" എന്നാണ് സെഖര്യാവ് പ്രവാചകനു ലഭിച്ച വെളിപ്പാട്.

പുരോഹിതനും രാജാവുമോ? അതേ! യിസ്രായേല്യരാജാക്കന്മാർക്ക് ഈ പദവി ഉണ്ടായിരുന്നില്ല. ഒരിക്കൽ ഉസ്സിയാവ് എന്ന രാജാവ് ദൈവാലയത്തിൽ ധുപപീഠത്തിൽ ധൂപം കാട്ടുവാൻ കയറിച്ചെന്നു. ധീരന്മാരായ എൺപതു പുരോഹിതന്മാർ അകത്തുചെന്നു അവനെ തടഞ്ഞു. അവൻ അനുസരിച്ചില്ല ഫലമെന്തായി? നെറ്റിയിൽ കുഷ്ഠം പൊങ്ങി ദൈവാലയത്തിൽനിന്നു "കുഷ്ഠരോഗാശുപത്രി" യിലേക്കു അവൻ മാറ്റപ്പെട്ടു. രാജാവ് പുരോഹിതവേല അറിയാത്തതിന്റെ ഫലം! ദുരന്തദുരിതം! എന്നാൽ ക്രിസ്തു തന്റെ സിംഹാസനത്തിൽ നമുക്ക് രാജാവും പുരോഹിതനുമാണ്. അവിടുന്ന് പ്രവാചകനുമാണ്. ഒരു ആവശ്യത്തിനും അവിടത്തെ തിരുസന്നിധിവിട്ട് നമുക്കു അകന്നുപോകേണ്ടതില്ല.

ദൈവനിയുക്തന്മാരായ ചില പഴയനിയമരാജാക്കന്മാർ അവിടുത്തെ രാജത്വത്തിന്റെ വിവിധ വശങ്ങളുടെ നിഴലുകളായിരുന്നു. "മൽക്കിസെദേക്ക് അവന്റെ രാജകീയപുരോഹിതസ്ഥാനത്തെ കാണിക്കുന്നു. വീരനും വിജയിയുമായ ഒരു രാജാവിനെയാണ് ദാവീദിൽക്കൂടെ നാം കാണുന്നത്. ശലോമോൻ 'സമാധാനപ്രഭുവി'ന്റെ നിഴലാണ്.

പാപത്താൽ അധഃപതിച്ച മനുഷ്യവർഗ്ഗം ഇന്നു പുലർത്തുവാൻ ശ്രമി

ക്കുന്ന ആധിപത്യത്തിൽനിന്ന് അവിടുത്തെ ഭരണരീതി എത്രയോ വ്യത്യസ്തമായ ഒന്നായിരിക്കും. വിശുദ്ധി! അതാണ് അവിടുത്തെ ആധിപത്യത്തിന്റെ അടിസ്ഥാനം. "എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു" എന്നാണ് ദൈവം അരുളിച്ചെയ്യുന്നത്. "അവൻ രാജാവായി വാണ് ബുദ്ധിയോടെ പ്രവർത്തിച്ച് ദേശത്തു നീതിയും ന്യായവും നടത്തും"

മാത്രമല്ല അവന്റെ രാജത്വത്തിന്റെ അധികാരാതിർത്തിയിൽ ഉൾപ്പെടാത്ത രാജ്യമോ ജാതിയോ ഉണ്ടായിരിക്കയില്ല "ഞാൻ നിനക്ക് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" എന്നു പിതാവ് അവനു ഉറപ്പുനല്കുന്നു. ഇന്നു ലോകത്തിൽ വിവിധ ജാതികളും രാജ്യങ്ങളും തമ്മിൽ കാണപ്പെടുന്ന വിരോധമനോഭാവങ്ങളും അഭിപ്രായവ്യത്യാസങ്ങളും നീങ്ങി സമാധാനമുണ്ടാകണമെങ്കിൽ ലോകം മുഴുവനും ഏകഗവൺമെന്റ് ഭരണത്തിൽ വരണമെന്നുള്ളതാണ് പ്രബലരായ രാജ്യതന്ത്രജ്ഞന്മാരുടെ ഏകോപിച്ച അഭിപ്രായം. ഒന്നാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ സർവ്വരാജ്യസഖ്യവും ഇപ്പോൾ ഉണ്ടായിട്ടുള്ള ഐക്യരാഷ്ട്രസംഘടനയും ഈ അഭിപ്രായത്തിന്റെ മാറ്റൊലികളാണ്. എന്നാൽ ഈ സംഘടനകളൊന്നും ആവശ്യമായ ഐക്യബോധമോ സമാധാനമോ സൃഷ്ടിക്കുന്നതിന് പര്യാപ്തമായി ഭവിച്ചിട്ടില്ല. നമ്മുടെ രാജാവ്-ക്രിസ്തു ലോകത്തിൽ ഭരണം നടത്തും. അന്നാണ് ലോകം ഏകഭരണത്തിൻ കീഴിലാകുന്നതും സമാധാനം കണ്ടെത്തുന്നതും "യഹോവ സർവ്വഭൂമിക്കും രാജാവാകും" എന്നു പ്രവചിക്കുമ്പോൾ സെഖര്യാവ് ഈ വാസ്തവത്തെ വിശദമാക്കുകയാണ്.

ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം എന്ന ഒരു മഹിമയും ഈ രാജത്വത്തിനുണ്ട്. ലോകചരിത്രത്തിൽ ചില നൂറ്റാണ്ടുകൾ നിലനിന്നിട്ടുള്ള രാജത്വം ദുർലഭമേയുള്ളു. എല്ലാം നശ്വരവും ക്ഷണഭംഗുരവുമാണ്. എന്നാൽ സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ ഒരു ജാതിക്കും ഏല്പിച്ചുകൊടുക്കയില്ല. അതു ഈ രാജത്വങ്ങളൊക്കെയും തകർത്തു നശിപ്പിക്കയും എന്നന്നേക്കും നിലനില്ക്കയും ചെയ്യും. അവിടുത്തെ ശക്തിയും അതിരറ്റതായിരിക്കും എന്തെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവിടുത്തേക്കാണ് നല്കപ്പെട്ടിരിക്കുന്നത്.

പുനരാഗമനത്തിലാണ് തന്റെ എല്ലാ രാജകീയ ഐശ്വര്യ പ്രതാപങ്ങളും പൂർണ്ണമായി വെളിപ്പെടുന്നതെങ്കിലും തന്റെ പ്രഥമാഗമത്തിൽത്തന്നെ രാജത്വത്തിന്റെ അടയാളങ്ങൾ ഉണ്ടായിരുന്നു. തന്റെ ജനനവിവരം ഗബ്രിയേൽദൂതൻ മറിയയെ അറിയിക്കുമ്പോൾ "അവൻ യാക്കോബ് ഗൃഹത്തിൽ എന്നന്നേക്കും രാജാവായിരിക്കും" എന്നും കൂടെ അരുളിച്ചെയ്തു. കർത്താവ് ശിഷ്യന്മാരോടൊന്നിച്ച് സഞ്ചരിക്കുമ്പോൾ അവിടുത്തെ രാജ്യത്തിനു കൊടുത്തിരുന്ന പേര് സ്വർഗ്ഗരാജ്യം എന്നായിരുന്നു. "നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു ഘോഷിപ്പാൻ അവിടുന്നു ശിഷ്യന്മാരെ നിർദ്ദേശിച്ചു. ഒരു രാജാവിനുള്ള നിലയിലും കവിഞ്ഞ അധികാരവും ബഹുമാനവും പിതാവിങ്കൽനിന്ന് താൻ പ്രാപിച്ചിരിക്കുന്നുവെന്നു കർത്താവ് തന്റെ പ്രസംഗങ്ങളിൽ ജനത്തെ അറിയിച്ചുകൊണ്ടിരുന്നു. അവിടുന്ന് അരുളിച്ചെയ്യുന്നത് കേൾക്കുക. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരേയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു. "പുത്രനെ ബഹു

മാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല." ദൈവത്തിനു മാത്രം കൊടുക്കേണ്ട ബഹുമാനം താൻ ഇവിടെ അവകാശപ്പെടുന്നു. അത്രമാത്രമോ, ഒരിക്കൽ അവിടുന്നു ഒരു കഴുതപ്പുറത്തു കയറി രാജകീയമായ ഒരു എഴുന്നുള്ളത്തുതന്നെ നടത്തി. പുരുഷാരം തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു. വൃക്ഷങ്ങളിൽനിന്ന് കൊമ്പുകൾ വെട്ടി വഴിയിൽ വിതറി ദാവീദുപുത്രനു ഹോശന്നാ എന്നു ആർത്തു വിളിച്ചു. അന്ന് ആ എഴുന്നള്ളത്തിൽ യെരുശലേം നഗരം മുഴുവൻ ഇളകിവന്നു. അവിടുന്നു ദൈവാലയത്തിലും പ്രവേശിച്ചു. രാജാധികാരം അവിടെ പ്രദർശിപ്പിച്ചു. വില്ക്കുന്നവരെയും കൊള്ളുന്നവരെയും എല്ലാം പുറത്താക്കി. പൊൻവാണിഭക്കാരുടെ മേശകളെയും പ്രാവുകളെ വില്ക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞു.

ഇനിയും കേൾക്കുക, അവിടുന്നു കെട്ടപ്പെട്ടവനായി നാടുവാഴിയുടെ മുൻപാകെ നിന്നു. അവൻ ചോദിച്ചു "നീ യെഹൂദന്മാരുടെ രാജാവോ" എന്ന്. "ഞാൻ ആകുന്നു" എന്നു യേശു അവരോടു അരുളിച്ചെയ്തു. "നാലഞ്ചേക്കർ" സ്ഥലത്തു നാടുവാഴ്ച നടത്തുന്ന ആ ദേശാധിപതി സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചിരിക്കുന്ന ആ രാജാധിരാജാവിന്റെ വീരവചനത്തിൽ വിസ്മയിച്ചുനിന്നു.

പീലാത്തോസ് -നട്ടെല്ലില്ലാത്ത ആ നാടുവാഴി അബദ്ധവശാലെങ്കിലും ഒരു അനശ്വര സത്യത്തിന്റെ മേലെഴുത്തുകാരനായി ഭവിച്ചു. "നസ്രയേനായ യേശു യെഹൂദന്മാരുടെ രാജാവ്" ഈ വാചകം അവർ ക്രൂശിന്മേൽ എഴുതി പതിപ്പിച്ചപ്പോൾ അവിടുത്തെ രാജത്വത്തെ അവൻ അറിയാതെ സമ്മതിച്ചുപോയി.

ക്രൂശുമരണത്തിന്റെ വക്കിൽനിന്നുകൊണ്ട് അവിടുന്നു രാജാധികാരം വിളംബരം ചെയ്തു. ലോകർ അത്ഭുതപ്പെട്ടു. അവർക്കു അതിന്റെ മർമ്മം മനസ്സിലായില്ല. തന്റെ ശിഷ്യന്മാർക്കും കൂടെ അത് അജ്ഞാതമായിരുന്നു. എന്നാൽ കാൽവറിയിലെ ക്രൂശു ഒരു കിരീടധാരണ മഹോത്സവത്തിന് ആദിയിടുകയായിരുന്നു എന്ന് പുനരുത്ഥിതനായ ക്രിസ്തുവിനെ നോക്കി ശിഷ്യന്മാർ അന്നു മനസ്സിലാക്കി. "ദൈവം പിതാക്കന്മാരോടു ചെയ്ത വാഗ്ദത്തം യേശുവിനെ ഉയിർത്തെഴുന്നേല്പിച്ചതിനാൽ മക്കൾക്ക് നിവൃത്തിച്ചിരിക്കുന്നു" എന്നു തദനന്തരം അവർ സുവിശേഷിച്ചു തുടങ്ങി മരണം വഴിയാണ് മഹത്വവും ബഹുമാനവും അണിവാൻ അവിടുന്നു കയറിപ്പോയത്. പുനരുത്ഥാനം! അതാണ് അവിടുത്തെ മായാത്ത മുദ്ര.

പുനരുത്ഥിതനായി മരണപാശങ്ങളെ പൊട്ടിച്ച് കയറിച്ചെന്ന രാജാധിരാജാവിന് സ്വർഗ്ഗം സ്വാഗതം അരുളി. "വാതിലുകളേ! നിങ്ങളുടെ തലകളെ ഉയർത്തുവിൻ, പണ്ടേയുള്ള കതകുകളെ! ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവ് ആർ? ബലവാനും വീരനുമായ യഹോവ യുദ്ധവീരനായ യഹോവ തന്നെ" ദൂതന്മാരുടെ വിജയാട്ടഹാസത്തിൽ അനന്തകോടിതാകാഗണങ്ങളിലും ആനന്ദം അലതല്ലി.

പിതാവിന്റെ സ്വാഗതവചനം ഇങ്ങനെയായിരുന്നു. "ഞാൻ നിന്റെ ശത്രുക്കളെ നിനക്കു പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കും, പിതാവ് ഇരിക്കുവാൻ കൊടുത്ത സിംഹാസനത്തിൽ അവിടുന്ന് ആസനസ്ഥനായി. ആ സിംഹാസനത്തിനു കൊടുക്കപ്പെട്ടിരിക്കുന്ന നാമം കൃപാസനം എന്നാണ്. തന്റെ പ്രജകളിൽ ആർക്കും കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി ധൈര്യത്തോടു കൃപാസനത്തിനു അടുത്തു ചെല്ലാം. അതേ ഇന്ന് അവിടുന്ന്

കൃപാസനത്തിൽ ഇരുന്നരുളുന്നു. ഇനിയും "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും" ന്യായവിധിക്കായി സകല ജാതികളെയും അവന്റെ മുൻപിൽ കൂട്ടും. ഇന്ന് കൃപാസനത്തിങ്കൽ അടുത്തു ചെന്നു അഭയാർത്ഥന കഴിച്ച നാം അന്നു തേജസ്സിന്റെ സിംഹാസനത്തിൽ ഇരുന്ന് അവൻ ന്യായവിധി നടത്തുമ്പോൾ കൂടെ വാഴുന്നവരായിരിക്കും "വാഴുവിൻ" എന്ന് ഏദെനിൽ നല്കിയ അനുഗ്രഹം നമ്മിൽ പൂർണ്ണമായി അന്നു നിറവേറും.

മുൾക്കിരീടം അണിഞ്ഞ തലയിൽ അനേകം രാജമുടികൾ! നമ്മുടെ കണ്ണ് രാജാവിനെ അവന്റെ സൗന്ദര്യത്തോടെ ദർശിക്കും. പാടുവീൻ സഹോദരങ്ങളെ! യേശുരാജാവിന് നൂറായിരം ജേ....ജേ....ജേ.

*[M.E.C]*

## നിങ്ങൾക്കറിയാമോ?

*ശരീരത്തിലെ ചുവന്ന രക്തകോശങ്ങളിൽ കാണപ്പെടുന്ന അയൺ സമ്പന്നമായ പ്രോട്ടീനാണ് ഹീമോഗ്ലോബിൻ. രക്തത്തിലൂടെ ഓക്സിജൻ പല അവയവങ്ങളിലേക്കും എത്തിക്കുന്നതിൽ ഹീമോഗ്ലോബിൻ പ്രധാന പങ്കുവഹിക്കുന്നു. ഹീമോഗ്ലോബിന്റെ തോത് ശരീരത്തിൽ കുറയുന്നത് ക്ഷീണം, ശ്വാസംമുട്ടൽ, വിശപ്പില്ലായ്മ, വിളർച്ച പോലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. ഇന്ത്യയിലെ സ്ത്രീകളിലും കുട്ടികളിലും വലിയൊരു വിഭാഗം ഹീമോഗ്ലോബിൻ അപര്യാപ്തത നേരിടുന്നതായി യൂണിസെഫ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പോഷകസമ്പുഷ്ടമായ ഭക്ഷണക്രമം പിന്തുടരുന്നതിലൂടെ രക്തത്തിലെ ഹീമോഗ്ലോബിൻ തോത് മെച്ചപ്പെടുത്താൻ സാധിക്കും.* ***ചീര:*** *അയണിന്റെ ഏറ്റവും മികച്ച സ്രോതസ്സുകളിലൊന്നാണ് ചീര. ഹീമോഗ്ലോബിന്റെയും ചുവന്ന രക്താണുക്കളുടെയും തോത് വർധിപ്പിക്കാൻ ചീര സഹായിക്കും.* ***ഈന്തപ്പഴം:*** *ഈന്തപ്പഴത്തിലെ അയണിന്റെ സാന്നിധ്യം എറിത്രോസൈറ്റുകളുടെ എണ്ണം ഉയർത്തും. ഇതും ഹീമോഗ്ലോബിൻ തോത് മെച്ചപ്പെടുത്താൻ സഹായിക്കും. അയണിന് പുറമെ വൈറ്റമിൻ സി, വൈറ്റമിൻ ബി കോംപ്ലക്സ്, ഫോളിക് ആസിഡ് എന്നിവയും ഈന്തപ്പഴത്തിൽ അടങ്ങിയിരിക്കുന്നു. ഇതു ശരീരത്തിലെ വിളർച്ചയും തടയും.* ***ഉണക്കമുന്തിരി:*** *ചുവന്ന രക്തകോശങ്ങളുടെ നിർമ്മാണത്തിന് ആവശ്യം വേണ്ട രണ്ട് ഘടകങ്ങളാണ് അയണും കോപ്പറും ഇവ രണ്ടും അടങ്ങിയിട്ടുള്ള ഉണക്കമുന്തിരിയും ഹീമോഗ്ലോബിൻ തോത് ഉയർത്തും.* ***തിന വിഭവങ്ങൾ:*** *കൂവരക്, പഞ്ഞപ്പുല്ല്, മണിച്ചോളം, ചാമ, കുതിരവാലി എന്നിങ്ങനെ പലവിധത്തിലുള്ള തിന വിഭവങ്ങൾ പതിവായി കഴിക്കുന്നത് ശരീരത്തിലെ ഹീമോഗ്ലോബിൻ, സെറം, ഫെറിട്ടിൻ തോത് വർദ്ധിപ്പിക്കും. അയൺ അപര്യാപ്തത കുറയ്ക്കാനും ഇവ കാരണമാകും.* ***എള്ള്:*** *അയൺ ഫോളേറ്റ്, ഫ്ളാവനോയ്ഡുകൾ, കോപ്പർ എന്നിവയെല്ലാം അടങ്ങിയിട്ടുള്ള ഭക്ഷണമാണ് എള്ള്. ഇതും ഹീമോഗ്ലോബിൻ തോത് ഉയർത്തി വിളർച്ചയെ തടയുന്നു. ഞാവൽ, ഉണക്കിയ ആപ്രിക്കോട്ട്, മുരിങ്ങയില, പുളി, നിലക്കടല, തുവരപ്പരിപ്പ് തുടങ്ങിയ ഭക്ഷണവിഭവങ്ങളും ഹീമോഗ്ലോബിൻ തോത് ഉയർത്താൻ സഹായിക്കുന്നു.* ✿

---

**Suviseshakan / Tamilnadu Gospel Fund**

**WhatsApp No. 09894968972**

# കർത്താവിന്റെ അത്താഴത്തിന്റെ
## സവിശേഷസ്വഭാവം (തുടർച്ച)

*രാജൻ തോമസ്, അടൂർ*

**എ. 'അനുഗ്രഹപാത്രവും' 'നാം നുറുക്കുന്ന അപ്പവും' - കൂട്ടായ്മയുടെ ലംബമായ ഭാവം**

'അനുഗ്രഹപാത്രവും' 'നാം നുറുക്കുന്ന അപ്പവും' 'കർത്താവിന്റെ അത്താഴത്തിലെ' രണ്ടു ക്രിയകൾ ആകുന്നു ( 1 കൊരി. 11:20) അഥവാ 'അപ്പം നുറുക്കലിൽ' (അപ്പൊ.2:42) കർത്താവിന്റെ ശരീരം തകർക്കപ്പെട്ടതിന്റെയും രക്തം ചൊരിയപ്പെട്ടതിന്റെയും ഓർമ്മയാകുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ പരിപൂർണ്ണമായ വീണ്ടെടുപ്പിൽ വേലയുടെ ഓർമ്മ നിലനിർത്തുന്നതാണിത് (1 പത്രൊ.1:18,19, എബ്രാ.9:12). അപ്രകാരം പൗലൊസിന്റെ ചോദ്യങ്ങളായ, 'നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?" ഇതു ചൂണ്ടിക്കാണിക്കുന്നത് ക്രിസ്തുവിന്റെ രക്തത്താൽ ലഭ്യമായിത്തീർന്ന വീണ്ടെടുപ്പിൻ പ്രവൃത്തിയോടുള്ള ഓരോ പങ്കാളിയുടെയും നന്ദിയോടും, ആരാധനാത്മക പ്രവർത്തിയോടുംകൂടിയുള്ള ലംബമായ താദാത്മ്യപ്പെടലാകുന്നു. 'വിശുദ്ധീകരിക്കപ്പെട്ടവർ' (1 കൊരി. 1:2) ആകുന്നു "തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു വിളിച്ചിരിക്കുന്നവർ" എന്നോർക്കുക.

**രണ്ടു സാദൃശ്യങ്ങൾ**

ഒന്നാമതായി, 'യാഗപീഠത്തിന്റെ കൂട്ടാളികൾ' ആകേണ്ടതിനായി 'യാഗങ്ങൾ ഭുജിക്കണം' ( 1 കൊരി.10:18), സ്തോത്രമായുള്ള സമാധാനയാഗത്തിലെ മാംസത്തിന്റെ ഒരംശം ഭക്ഷിക്കുന്നതിനെ പരാമർശിച്ചിരിക്കുന്നു (ലേവ്യ. 7:12,15). ശുദ്ധിയുള്ളവർ മാത്രമാണ് ഈ മാംസം ഭക്ഷിക്കേണ്ടത് (7:19), എന്നുമാത്രമല്ല ശുദ്ധിയില്ലാതെ മാംസം തിന്നുന്നവനെ ജനത്തിൽനിന്നു 'ഛേദിച്ചു' കളയുകയും വേണം. ഈ കാര്യത്തെയാകുന്നു മലാഖി 'യഹോവയുടെ മേശ' (മലാഖി 1:7,12) എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. സങ്കീ.23:5-ൽ ദാവീദും 'മേശ' എന്നു സൂചിപ്പിച്ചിരിക്കുന്നു 1 കൊരി.10:18-ൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യം, യാഗത്തിൽ പങ്കെടുക്കുന്നവർ ദൈവത്തോടുള്ള തങ്ങളുടെ കൂട്ടായ്മ സ്തോത്രാർപ്പണത്തിലൂടെ പ്രകടമാക്കുന്നു എന്നതാണ് ഈ വിശദീകരണം. കൊരിന്തുസഭയിലുള്ളവർക്കു നന്നായി മനസ്സിലാകും, കാരണം അവരിൽ പലരും യഹൂദവംശജരും ലേവ്യയാഗങ്ങളെപ്പറ്റി നന്നായി അഭ്യസനം ലഭിച്ചവരും ആയിരുന്നു.

രണ്ടാമത്തെ സാദൃശ്യം, വിജാതീയവംശജരുള്ള കൊരിന്തുക്രിസ്ത്യാനികൾക്കു നന്നായി മനസ്സിലാകും. വിഗ്രഹങ്ങൾക്കു യാഗം അർപ്പിക്കുന്ന രീതി ('വിഗ്രഹാർപ്പിതം' 1 കൊരി.10:19) ആചരിച്ചു പോകുന്നവരായിരുന്നു അവർ. 'കർത്താവിന്റെ മേശ' എന്നതിനു വിപരീതമായി 'ഭൂതങ്ങളുടെ മേശ' എന്നു വിളിച്ചുപോന്നിരുന്നു. ഇപ്രകാരമുള്ള വിജാതീയർ 'ഭൂതങ്ങളുടെ മേശയിൽ'നിന്നും പങ്കെടുക്കുമ്പോൾ അവർ 'ഭൂതങ്ങളോടുള്ള കൂട്ടായ്മ' (ഭൂതങ്ങളുടെ കൂട്ടാളികൾ 10:20 ബി) പ്രകടിപ്പിക്കുകയായിരുന്നു.

അതുകൊണ്ടു പൗലോസിന്റെ രണ്ടു ചോദ്യങ്ങളായ, 'ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?' എന്നതും 'ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? എന്നതും അർത്ഥമാക്കുന്നതു ഒരു വിശ്വാസി 'കർത്താവിന്റെ അത്താഴത്തിൽനിന്നും പങ്കെടുക്കുമ്പോൾ, പാപങ്ങൾക്കുവേണ്ടി ശരീരം തകർന്നും രക്തം ചൊരിഞ്ഞും കൊണ്ടു 'ഏകയാഗം' കഴിച്ച (എബ്രാ. 10:12) കർത്താവുമായുള്ള ലംബമായ ബന്ധത്തിന്റെ ഓർമ്മ പുതുക്കലാണ്. 'ക്രിസ്തുവിന്റെ മരണത്തിൽ നാം പങ്കാളിയാകുന്നതിന്റെ ഏറ്റുപറച്ചിലും,

ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ വേലയിൽ അടിസ്ഥാനപ്പെട്ട കൂട്ടായ്മയുടെ പ്രകടനവും ആകുന്നു ഇത്'' **(J.M. Davies)**

ബി. ക്രിസ്തുവിന്റെ ശരീരമായ സഭയോടുള്ള കൂട്ടായ്മയുടെ (പങ്കുവയ്ക്കൽ) തിരശ്ചീന (സമാന്തര) വശം, വാ. 17 - ദൈവസഭ

വാ. 17-ൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂടുതൽ വ്യത്യസ്തങ്ങളായ ഭാവങ്ങൾ പൗലൊസ് പ്രബോധനാത്മകമായി പുറത്തുകൊണ്ടുവരുന്നു. "....പലരായ (ബഹുവചനം) നാം (ബഹുവചനം) ഒരു (ഏകവചനം) ശരീരം ആകുന്നു." ഇവിടെ ബഹുവചനത്തിൽനിന്നും ഏകവചനത്തിലേക്കുള്ള പരിവർത്തനം ശ്രദ്ധിക്കുക, ബഹുവചനമായ 'നാം' ഏകവചനമായ 'ശരീരമായി' പരിണമിക്കുന്നു. 'ഏകശരീരം' എന്ന പൗലോസിന്റെ ചിന്തയ്ക്കു (എഫെ.2:16, കൊലൊ.3:15) അനുസൃതമായി, 1 കൊരി.12:11 മുതൽ 27 വരെയുള്ള ഭാഗത്തു പകരപ്പെട്ട സത്യം പരിശുദ്ധാത്മ സ്നാനത്താൽ 'ഏകശരീരമായി' തീരുന്നു (12:13) അതാകുന്നു, 'അവന്റെ ശരീരമായ സഭ' (എഫെ. 1:22-23).

ഇപ്രകാരം "നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ' എന്ന പ്രസ്താവന സഹവിശ്വാസികളുമായുള്ള കൂട്ടായ്മയുടെ തിരശ്ചീന (സമാന്തര) വശത്തെയും, ശരീരത്തിലെ അംഗങ്ങളുടെ (സഭ) ഏകത്വത്തെയും വ്യക്തമാക്കുന്നു.

കർത്താവിന്റെ അത്താഴത്തിൽ പങ്കുകൊള്ളുന്നതിലൂടെ ഓർമ്മ കൊണ്ടാടുക മാത്രമല്ല. ദൈവസഭയിലെ സഹവിശ്വാസികളുമായുള്ള കൂട്ടായ്മ പ്രതീകാത്മകമായി ആവശ്യപ്പെടുകയും ചെയ്യുന്നു, "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ" (എഫെ.4:3).

ആഴ്ചതോറും ഒരു വിശ്വാസി കർത്താവിന്റെ അത്താഴത്തിൽനിന്നും പങ്കുകൊള്ളുമ്പോൾ, ദൈവത്തോടുള്ള ലംബമായ ബന്ധത്തിന്റെ പുതുക്കലും, കൂട്ടുവിശ്വാസികളുമായുള്ള സഖ്യത്തിന്റെ ഉണർവ്വും ഐക്യതയും പ്രദാനം ചെയ്യുന്ന പ്രവർത്തിയാകുന്നു. ഈ കൂട്ടായ്മയും ഐക്യതയും എവിടെയാണ് പ്രാധാനമായും പ്രായോഗികമായി പ്രകടിപ്പിക്കേണ്ടതു? പെന്തക്കൊസ്തു നാൾ തുടങ്ങി ഉൾപ്രാപണംവരെയുള്ള സഭയിൽ (സർവ്വത്രിക) ആണോ? പ്രഥമമായും പ്രായോഗികമായും ക്രിസ്തുവിന്റെ ശരീരമായി ഓരോ സ്ഥലത്തും 'നിലവിളക്കുകളായി' (വെളി.2:20) ദൈവം സ്ഥാപിച്ചിരിക്കുന്ന പ്രാദേശിക സഭകളിലാകുന്നു. 'കൂട്ടായ്മ'യുടെ പ്രായോഗികവശങ്ങൾ ഫിലിപ്പിയയിലുള്ള സഭയിൽ അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരുമായവരോടുകൂടെ പ്രതിഫലിച്ചിരിക്കുന്നു (1:5, 2:2, 3:11, 4:14).

സമാനമായി, 'എഫെസോസിലുള്ള വിശുദ്ധന്മാരോട്' ഉപദേശിക്കുന്നതും "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാക്കുവാൻ ശ്രമിക്കുകയും ചെയ്യുവിൻ" എന്നുമാകുന്നു. കൊരിന്തു 'സഭകൂടുമ്പോൾ' (1 കൊരി.11:18) അവരുടെ ഇടയിൽ ഭിന്നതയുണ്ടെന്നുള്ള വിവരവും, 'ദൈവത്തിന്റെ സഭയെ തുച്ഛീകരിക്കുകയും' (11:22) ചെയ്യുന്നു എന്നു കേട്ടപ്പോൾ, അപ്പോസ്തലനായ പൗലൊസ് കർത്താവിന്റെ അത്താഴത്തെ സംബന്ധിച്ചുള്ള യഥാർത്ഥ ഉപദേശം പകർന്നു കൊടുക്കുന്നതാണ് 1 കൊരി. 11:23- മുതൽ 34 വരെയുള്ള വാക്യങ്ങൾ. കർത്താവിന്റെ അത്താഴത്തിന്റെ യഥാർത്ഥ സത്ത സ്വാംശീകരിച്ചുകൊണ്ടു കൂട്ടായ്മയും ഐക്യവും മടക്കി കൊണ്ടുവരുവാനുള്ള ഉദ്ദേശ്യത്തോടെയായിരുന്നു ഇത്. സാമൂഹിക, സാമ്പത്തിക, വംശീയ അസമത്വങ്ങൾ കൂട്ടുവിശ്വാസികളുമായുള്ള നമ്മുടെ ബന്ധത്തിൽ പ്രതിഫലിക്കരുത്. കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്നതിലൂടെ അത്തരം ഐക്യത നാം ദൃഢപ്പെടുത്തുകയാണ് ചെയ്യുന്നത്.

*(അവസാനിച്ചു)*

# വിശ്വാസത്തിന്റെ പരിശോധന

*സാമുവേൽ ജേക്കബ്, തിരുവനന്തപുരം*

യാക്കോ. 1:2-4 "എന്റെ സഹോദരന്മാരേ നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞു അത് സന്തോഷം എന്നു എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിനു സ്ഥിരതയ്ക്ക് തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ'

1 പത്രൊ.1:6-7 "ഇപ്പോൾ അല്പനേരത്തേക്കു നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന ചെയ്യുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ ഇടവരും"

ഈ രണ്ടു ഭാഗങ്ങളും വിശ്വാസികളോടുള്ള പ്രബോധനത്തിന്റെ ഭാഗമായി കണക്കാക്കും. വിശ്വാസികൾക്ക് ഉണ്ടാകാവുന്ന പരിശോധനകൾ അത് എങ്ങനെ നേരിടണമെന്നു അതിന്റെ അന്തിമഫലം എന്താണെന്നും പരിശോധനയെ അതിജീവിച്ചാൽ അതിന്റെ ബാഹ്യപ്രകടനം എന്താണെന്നും ഇവിടെ കാണാം.

**പരിശോധന എന്നാൽ എന്താണ്?**

ദൈനംദിന ജീവിതം സുഗമമായി മുമ്പോട്ടു പോകാൻ തടസ്സമായി വരുന്ന കാര്യമാണ് രോഗം, സാമ്പത്തിക ബുദ്ധിമുട്ടുകൾ, മക്കളെ പ്പറ്റിയുള്ള ഉത്കണ്ഠ, ഇതൊക്കെ പരിധിയിൽ വരും. ഈ പരിശോധനകൾ (കഷ്ടത) സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു.

വിശ്വാസത്തോടു പരീക്ഷയെ നേരിടുന്നവർക്ക് ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനും കാരണമാകും. തന്നെയുമല്ല യാക്കോ. 1:12. പരീക്ഷ സഹിക്കുന്നവർ കർത്താവു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും.

**പരിശോധനയിൽക്കൂടി എന്താണ് ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്?**

**1. വിശ്വാസത്തിന്റെ അളവുകോലാണ് പരിശോധന:** അതായത് വിശ്വാസത്തിന്റെ അളവ് എത്രമാത്രമെന്ന് പരിശോധനയിൽക്കൂടി വെളിപ്പെട്ടുവരും. എന്നാൽ പരിശോധന വിശ്വാസത്തെ ഉളവാക്കുകയില്ല.

**വിശ്വാസം പിന്നെ എങ്ങനെ ഉണ്ടാകും?**

റോമ.10:17 "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു'' ഈ വിശ്വാത്തോടു പരിശോധനയെ നേരിടുമെങ്കിൽ സ്ഥിരത (സഹിഷ്ണുത) ഉണ്ടാകും. എന്നാൽ പരിശോധന അവിശ്വാസത്തോടു നേരിടുമെങ്കിൽ (ഏറ്റുമുട്ടുമെങ്കിൽ) അത് കൈപ്പിന്റെയും അതൃപ്തിയിലേക്കും നയിക്കും.

അതുകൊണ്ട് വിശ്വാസത്തോടുകൂടി പരീക്ഷയെ നേരിടുന്നു എങ്കിൽ നാം വായിക്കുന്നതുപോലെ അതും സന്തോഷമെന്നു എണ്ണുവാൻ കഴിയും.

ഇവിടെ പ്രധാനമായ ഒരു ചോദ്യം ഉയർന്നുവരുന്നതും ദൈവമക്കൾക്ക് എന്തുകൊണ്ട് പരിശോധനകൾ വരുന്നതും ദൈവമക്കൾക്ക് എന്തുകൊണ്ടു പരിശോധനകൾ വരുന്നു?

ഇതിനു വ്യക്തമായ ഒരു ഉത്തരം നമുക്കു വചനത്തിൽനിന്നും ലഭിക്കുന്നില്ല എന്നിരുന്നാലും പല പ്രഗത്ഭരായ ദൈവദാസന്മാരും പലതരം പരിശോധനയിൽക്കൂടെ കടന്നുപോയതായി കാണുന്നു. ചിലർ അതിനെ അതിജീവിച്ചു, ചിലർ തോൽവി അടഞ്ഞു. ഇന്ന് നാമെല്ലാം പരിശോധനകൾ ഒന്നുംകൂടാതെ കർത്താവിന്റെ

പരിപാലനം ആഗ്രഹിക്കുന്നവരാണ്. ദാവീദിന്റെ ജീവിതത്തിൽ എന്തെല്ലാം പരിശോധനകളിൽക്കൂടി കടന്നുപോയിട്ടുണ്ട്.

ശൗൽരാജാവിന്റെ ഭാഗത്തുനിന്നും തന്റെ മകനായ അബ്ശാലോമിന്റെ ഭാഗത്തുനിന്നും. തന്നെ അനുകൂലിക്കുന്നവരെയും പ്രതികൂലിക്കുന്നവരെയും തിരിച്ചറിയാൻ പാടില്ലാത്ത അവസ്ഥ താൻ നേരിട്ടുണ്ട്. അവിടെയെല്ലാം ദാവീദ് ദൈവത്തിലുള്ള വിശ്വാസം മുറുകെപ്പിടിച്ചു സ്തോത്രം ചെയ്തും സങ്കീർത്തനങ്ങൾ എഴുതി നന്ദി പറഞ്ഞ് പരിശോധനകളെ സന്തോഷമായി നേരിട്ടു. തനിക്ക് തോൽവി സംഭവിച്ച സന്ദർഭങ്ങളുമുണ്ട്. സങ്കീ.55:22-ൽ ദാവീദ് പറയുന്നത് "നിന്റെ ഭാരം യഹോവയിങ്കൽ വച്ചുകൊൾക, അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല".

**2. പരിശോധനയിൽക്കൂടി ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്ന രണ്ടാമത്തെ കാര്യം:** ദൈവീകസ്വഭാവം നിന്റെ മക്കളിൽക്കൂടി പ്രതിഫലിച്ചു കാണാനാഗ്രഹിക്കുന്നു. ഇത് സഫലമാകുന്നതിന് ദൈവം തന്റെ മക്കളെ ചില പരിശോധനകളിൽക്കൂടി കടത്തിവിട്ട് ഹൃദയത്തെ പരുവപ്പെടുത്തിയിരിക്കുന്നു.

ദാനീയേലിനും സ്നേഹിതർക്കും സിംഹക്കുഴിയിലും അഗ്നിജ്വാലയിലുമുണ്ടായ അനുഭവം പരിശോധനയിൽക്കൂടി ദൈവീകസാമീപ്യം അടുത്തറിയുന്നതിനും സാധിച്ചു. യെശ. 43:2 "നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയില്ല" ഇയ്യോ. 43:10 "എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരും.

സ്വർണ്ണം, വെള്ളി മുതലായ വിലയേറിയ ലോഹങ്ങൾ തീയിൽക്കൂടി കടത്തി കീടങ്ങൾ മാറ്റി ശുദ്ധീകരിക്കും. എത്രത്തോളം ചൂടേൽക്കുന്നുവോ, എത്രത്തോളം അടി ഏല്ക്കുന്നുവോ അത്രത്തോളം കീടം മാറി ശുദ്ധീകരിക്കുന്നു. ശുദ്ധീകരിക്കുന്ന ആളിന്റെ രൂപം അതിൽക്കൂടി അവസാനം പ്രതിഫലിക്കും.

അതുപോലെ ദൈവമക്കൾ വിവിധ പരിശോധനകളിൽക്കൂടെ കടന്നുപോകുമ്പോൾ കർത്താവിന്റെ സ്വഭാവം അവരിൽക്കൂടി പ്രതിഫലിക്കണം.

**3. പരിശോധന ദൈവീകകരുതലിനെ കാണിക്കുന്നു:** മലാഖി 3:3 "അവൻ ഊതി കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധി വരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ടു ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും'' ദൈവത്തിന്റെ അന്തിമമായ ഉദ്ദേശം ഇതാണ്. യോസേഫിന്റെ ചരിത്രം പരിശോധനയുടെ വേറൊരു ഉദാഹരണമാണ് യോസേഫ് അനേക പരിശോധനകളിൽക്കൂടി കടന്നുപോകേണ്ടിവന്നു. സ്വന്ത സഹോദരന്മാരിൽനിന്നുള്ള പീഡനം പോത്തിഫേറിന്റെ ഭാര്യ മൂലമുണ്ടായ അപകീർത്തി അപ്പക്കാരുടെ പ്രമാണി മറന്നുപോയത്. ഇങ്ങനെയുള്ള നിരവധി പരിശോധനകൾ നിസ്സാരമാക്കി അവഗണിച്ചു. എന്നാൽ ദൈവം തക്കസമയത്ത് വർദ്ധിച്ച ഫലം നല്കി അനുഗ്രഹിച്ചു. സ്ഥിരതയ്ക്ക് (സഹിഷ്ണുതക്ക്) അനുസരിച്ച പ്രവർത്തിയുണ്ടായി. ഇതിന്റെ ബാഹ്യപ്രകടനമായി യോസേഫ് തന്റെ പുത്രന്മാർക്ക് പേരുകൾ നല്കി. ഉല്പ. 41:51-52. "എന്റെ സകല കഷ്ടതയും ദൈവം എന്നെ മറക്കുമാറാക്കി എന്നുപറഞ്ഞ് യോസേഫ് തന്റെ ആദ്യജാതന് മനശ്ശെ എന്നു പേരിട്ടു", "സകല ദേശത്തും എന്നെ വർദ്ധിപ്പിച്ചു എന്നു പറഞ്ഞ് രണ്ടാമത്തെ പുത്രന് എഫ്രയീം എന്നു പേരിട്ടു"

ഒന്നാമതായി പരിശോധനയുടെ തീവ്രത മറക്കുക, രണ്ടാമതായി ദൈവാനുഗ്രഹത്തിന്റെ ഫലം പുറപ്പെടുവിക്കുക.

വലിയ പരിശോധനയെ വളരെ സഹിഷ്ണുതയോടു നേരിട്ട ഒരു വ്യക്തിയായിരുന്നു ഇയ്യോബ്. ഈ പുരാതനമായ പുസ്തകത്തിലെ 42 അദ്ധ്യായങ്ങളും ഇയ്യോബ് എന്ന ഏക വ്യക്തിയോടു ദൈവം ഇടപെടുന്ന വിധങ്ങളാണ് രേഖപ്പെടുത്തിയി

രിക്കുന്നത്. ഇതിലെ സംഭവങ്ങൾ ചരിത്രസംഭവമായി ഗണിക്കാതെ പലരും ഇതിലുള്ള ധാർമ്മിക മൂല്യം മനസ്സിലാക്കുന്നതിനായി എഴുതിയതായി വിശ്വസിക്കുന്നു. ഇയ്യോബ് ജീവിച്ചിരുന്ന കാലയളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എങ്കിലും ഉല്പത്തി 11,12 ഉം അദ്ധ്യായങ്ങളുടെ ഇടയ്ക്ക് അതായത്, ജലപ്രളയത്തിനും അബ്രഹാമിന്റെ കാലയളവിനും ഇടയ്ക്കു നടന്ന സംഭവമായി കരുതാം.

ഇയ്യോബ് ജീവിച്ചിരുന്ന ചരിത്രപുരുഷനാണെന്നു തെളിയിക്കുന്ന ചില വേദഭാഗങ്ങൾകൂടി ചിന്തിക്കാം.

യെഹെ. 14:14 പാപം നിമിത്തം ദൈവം ദേശത്തെ നശിപ്പിക്കുവാൻ തീരുമാനിച്ചപ്പോൾ പറയുന്നത്. ''നോഹ, ദാനിയേൽ, ഇയ്യോബ് എന്നീ മൂന്നു പുരുഷന്മാർ അതിൽ ഉണ്ടായിരുന്നാലും അവർ തങ്ങളുടെ നീതിയാൽ സ്വന്തജീവനെ മാത്രമെ രക്ഷിക്കയുള്ളു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്.

യാക്കോ. 5:11 യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടു. കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു. കൂടാതെ ഇയ്യോബിന്റെ ജന്മസ്ഥലം ഊസ് ഇത് ഏദോമിനോടു ബന്ധപ്പെട്ടിരിക്കുന്നു. ഉല്പ.22:20 അബ്രഹാമിന്റെ സഹോദരനായ നാഹോരിനു 'മില്ക'യിൽ പ്രസവിച്ച ആദ്യജാതൻ 'ഊസ്''. വിലാ. 4:21 ഊസുദേശത്തു പാർക്കുന്ന ഏദോംപുത്രിയെ സന്തോഷിച്ചു ആനന്ദിക്ക. കൂടാതെ ഇയ്യോബിനെ ആശ്വസിപ്പിക്കാൻ വന്ന സ്നേഹിതന്മാർ എല്ലാംതന്നെ ഏദോമിനോടു ബന്ധപ്പെട്ട സ്ഥലങ്ങളിൽനിന്നുള്ളവരായിരുന്നു. യഹോവയായ ദൈവം ഇയ്യോബിനെപ്പറ്റി പറയുന്നത് അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും, ദോഷം വിട്ടകലുന്നവനും, എന്നാണ്. ഇയ്യോബ് ജീവിച്ചിരുന്ന ഒരു ചരിത്രപുരുഷനായിരുന്നു എന്നു ഈ വാക്യങ്ങൾ തെളിയിക്കുന്നു. കഷ്ടത പ്രവർത്തിയുടെ ഫലമല്ല എന്നാണ് ഇയ്യോബിന്റെ ചരിത്രം വെളിവാക്കുന്നത്. വിശ്വാസികൾക്ക് ഉണ്ടാകുന്ന എല്ലാവിധ പരിശോധനയിലും ദൈവത്തിന് അന്തിമമായ ഉദ്ദേശമുണ്ട്. എബ്രാ. 12:6. ''കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു'' ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല പിന്നത്തേതിൽ നീതി എന്ന സമാധാനഫലം ലഭിക്കും. പലവിധ പരിശോധനകളിൽകൂടി കടന്നുപോയപ്പോഴും ഇയ്യോബു പാപം ചെയ്യുകയോ ദൈവത്തിന് ദോഷം ആരോപിക്കുകയോ ചെയ്യാതെ വീണു നമസ്കരിക്കയാണ് ചെയ്തത്. ഇയ്യോ.19:25 'എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു', 23:3 ''അവനെ എവിടെ കാണുമെന്നു അറിഞ്ഞെങ്കിൽ അവന്റെ ന്യായാസനത്തിങ്കൽ ഞാൻ ചെല്ലുമായിരുന്നു. അതികഠിനമായ വേദനയിലും തന്റെ സ്യഷ്ടാവിന്റെ സാമീപ്യം ഇയ്യോബു ആഗ്രഹിച്ചു. ദൈവം തന്റെ മക്കൾക്കു എന്തുകൊണ്ടു കഷ്ടത വരുന്നത്തുന്നു എന്നതിനു പൂർണ്ണമായി ഉത്തരം ഇയ്യോബിന്റെ ചരിത്രത്തിൽനിന്നു ലഭിക്കുന്നില്ല.

ഈ കൃപായുഗത്തിൽ നാം മനസ്സിലാക്കേണ്ട വിഷയം ദൈവത്തിന്റെ പ്രവർത്തികളെ നാം മുൻവിധിയോടു കാണരുത്. അവന്റെ പരമാധികാരത്തെ ചോദ്യം ചെയ്യരുത്.

പരീക്ഷകൾ സഹിഷ്ണുതയോടെ നേരിടുക. ഇയ്യോബ്, ദാവീദ്, യോസേഫ് ഇവരൊക്കെ നിലപരിചകാതെ ദൈവം അവരെ ഉയർത്തി ഇരട്ടി അനുഗ്രഹം നല്കി. മാനുഷികമായ നിലയിൽ പരിശോധനകൾ തളർത്തിക്കളയാൻ സാധ്യതയുണ്ട്. നമ്മുടെ സൃഷ്ടാവിലുള്ള വിശ്വാസം അതിനെ അതിജീവിച്ചു പോകാൻ സഹായിക്കും. യിരെ. 9:23-26. ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്. ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നു എന്നെ ഗ്രഹിച്ചറിയുന്നതിൽതന്നെ പ്രശംസിക്കട്ടെ. ഇതിലല്ലോ എനിക്കു പ്രസാദമുള്ളത് എന്നു യഹോവയുടെ അരുളപ്പാട്.

# സുവിശേഷഘോഷണം ദൈവം നല്കിയ ഉദ്യോഗമാണ്

***ജോൺ സാമുവേൽ, നിലമ്പൂർ***

മനുഷ്യന്റെ ദൈനംദിന ജീവിതത്തിനും സമാധാനത്തിനും സന്തോഷത്തിനും സംതൃപ്തിക്കുംവേണ്ടി മാതാപിതാക്കൾ മക്കളെ വിദ്യാഭ്യാസം ചെയ്യിച്ച് എത്രപണം ചിലവഴിച്ചും ഒരു സർക്കാർ ജോലിക്കുവേണ്ടി പരിശ്രമിക്കുന്നു. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ദൈവം തന്റെ സുവിശേഷഘോഷണത്തിനുവേണ്ടി ചിലരെ വിളിച്ചുവേർതിരിച്ചു ലോകത്തിൽവെച്ചു ലഭിക്കുന്നതിലും ഏറ്റവും ഉന്നതമായ ജോലിയിൽ നിയമിക്കുന്നു. കൊലൊ. 1:25) നിങ്ങൾക്കുവേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിന് ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. കൊലൊ. 1:28. അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും സകലജ്ഞാനത്തോടുംകൂടെ ഉപദേശിക്കുകയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു.

പൗലൊസ് പറയുന്നു സുവിശേഷഘോഷണം ഒരു പോരാട്ടമാണ്. പിശാചിന്റെ അടിമത്വത്തിൽ കഴിയുന്ന മനുഷ്യവർഗ്ഗത്തിന് സൗജന്യമായ രക്ഷ ഒരുക്കുവാൻ സ്വർഗ്ഗത്തിലെ പരിശുദ്ധനായ ദൈവം മനുഷ്യനായി മരിക്കുവാൻവേണ്ടി ലോകത്തിൽ ജനിച്ചു ജീവിച്ചു. കാൽവറിക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് താൻ സ്നേഹിച്ച ശിഷ്യന്മാരോട് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു മത്താ. 28:18, മർക്കൊ.16:15 പിന്നെ അവൻ അവരോടു നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്.

**സുവിശേഷഘോഷണം ഒരു അദ്ധ്വാനമാണ്**. രാവെന്നോ പകലെന്നോ ഇല്ലാതെ സുവിശേഷം പ്രസംഗിക്കുക എന്നത് വളരെ ശ്രമകരമാണ്. ഒരു സർക്കാർ ജോലിക്കാരൻ കുറഞ്ഞത് എട്ടു മണിക്കൂർ ജോലി ചെയ്യണം എങ്കിൽമാത്രമെ ഒരു ദിവസത്തെ ശമ്പളം മുഴുവനായി ലഭിക്കുകയുള്ളു. ദൈവം നിയമിച്ച ഒരു സുവിശേഷകൻ ഒരു ദിവസം എത്രസമയം കർത്താവിന്റെ വേല ചെയ്യും. ഭൂരിഭാഗവും വളരെ പരിമിതമായ സമയം മാത്രം പ്രവർത്തിക്കുന്നവരാണ്. ദൈവം നിയമിച്ച സുവിശേഷകന്റെ ലക്ഷ്യം സുവിശേഷം അറിയിച്ച് ആത്മാക്കളെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കുക എന്നതാണ്. കഴിഞ്ഞ നാളുകളിൽ അങ്ങനെയൊക്കെയായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറി ലക്ഷ്യം തെറ്റിയുള്ള പ്രവർത്തനം. മക്കളുടെ വിദ്യാഭ്യാസത്തിന് പണം വരുത്തുക അവരെ പഠിപ്പിച്ച് വിദേശത്തേക്കു അയക്കുക ഇതെല്ലാം ആവശ്യമാണ്. എന്നാലും നമ്മുടെ ലക്ഷ്യം ആത്മാക്കളെ നേടുക എന്നതായിരിക്കണം. എത്ര നാളുകളായി ഒരു കുടുംബം നമ്മുടെ സഭയിലേക്ക് വന്നിട്ട് അങ്ങനെ വരണം എന്ന ഒരു ഭാരം നമുക്കുണ്ടോ സുവിശേഷകൻമാരായ നമുക്കു നമ്മെത്തന്നെ ഒന്നു പരിശോധിക്കാം.

**യേശുക്രിസ്തുവിന്റെ നിയമനം** എഫെ.4:11-ൽ നാം കാണുന്നു അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇട

യന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. യേശുക്രിസ്തു തന്റെ ജീവനെ നല്കി വീണ്ടെടുത്ത സഭയ്ക്ക് നല്കിയ ദാനമാണ് നിയമനമാണ് സുവിശേഷകന്മാർ. സുവിശേഷകനെ ഇടയനായും സഭയ്ക്ക് അകത്തും പുറത്തും സുവിശേഷം അറിയിച്ച് ആത്മാക്കളെ സഭയിലേക്കു കൊണ്ടുവരുന്നതും നമുക്കു കാണാം.

**സുവിശേഷകനെ പരിശുദ്ധാത്മാവ് നിയമിക്കുന്നു:** അപ്പൊ. 13:1,2 അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ട് അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവ് പറഞ്ഞു. യെരുശലേംസഭയിൽ പീഡനമുണ്ടായപ്പോൾ ദൈവജനം ചിതറിപ്പോയി അവർ പ്രവർത്തിച്ച് സ്ഥാപിതമായതാണ് അന്ത്യോക്യ സഭ എല്ലാ തലങ്ങളിലുമുള്ളവർ അവിടെയുണ്ടായിരുന്നു ഉപദേഷ്ടാവായിരുന്ന, മൂപ്പനായിരുന്ന ശൗലിനെയും ബർന്നബാസിനെയും തന്റെ വേലയ്ക്കായി പരിശുദ്ധത്മാവ് വിളിച്ചും വേർതിരിച്ചും തന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സുവിശേഷം അറിയിച്ച് ആത്മാക്കളെ നേടി സ്ഥലംസഭകൾ സ്ഥാപിച്ച് മൂപ്പന്മാരെ ആക്കിവെച്ചു സുവിശേഷകന്റെ എന്തൊരു പ്രവർത്തിയാണ് താൻ ചെയ്തത്. റോമ.1:2 സുവിശേഷത്തിനായി വേർതിരിച്ച് വിളിക്കപ്പെട്ടവൻ റോമ. 1:14 യവനന്മാർക്കും, ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ലജ്ജയില്ലാതെ സുവിശേഷം അറിയിക്കുന്നവൻ, നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു., സുവിശേഷം അറിയിക്കുന്നില്ലാ എങ്കിൽ എനിക്ക് അയ്യോ കഷ്ടം, രാവും പകലും വേല ചെയ്ത് തനിക്കും കൂട്ടാളികൾക്കും ഉപജീവനം കഴിച്ചവൻ. 1 തെസ്സ. 2:7 ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റുംപോലെ തന്റെ മക്കളെ കരുതിയവൻ, അപ്പൻ മക്കളെ എന്നപോലെ പ്രബോധിപ്പിച്ചവൻ, ദൈവജനത്തിനുവേണ്ടി പ്രാണൻകൂടി വെച്ചു കൊടുക്കുവാൻ അതിയായി ആഗ്രഹിച്ച പൗലൊസ് ത്രീയേക ദൈവത്തിന്റെ നിയമനം അതിന്റെ മഹത്വത്തിന് ഒത്തവണ്ണം പ്രവർത്തിച്ചു. ഒടുവിൽ 2 തിമൊ.4:7 ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു, വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ തരും എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ. ❁

## മൂത്തച്ചായനും അനുജന്മാരും

മൂത്ത: കൊച്ചൂഞ്ഞേ! നിന്റെ സ്ഥലംസഭയിൽ കാര്യങ്ങളെല്ലാം നീ തന്നെയല്ലേ നടത്തുന്നത്?

അനു: മൂപ്പന്മാരായ വേറെ ചില സഹോദരന്മാർകൂടെയുണ്ട് അച്ചായാ.

മൂത്ത: എടാ! മൂപ്പന്മാരൊക്കെ പേരിന് ഇരുന്നാൽ മതി കാര്യങ്ങൾ എല്ലാം നീ തന്നെ നടത്തണം.

അനു: അച്ചായാ! അവരൊക്കെ കൃപാവരവും കഴിവും ഉള്ളവരാണ്.

മൂത്ത: എടാ! അധികം കഴിവും കൃപാവരവും ഒക്കെയുള്ളവരെ അല്പം ഒന്നു അകറ്റി നിർത്തണം. അല്ലെങ്കിൽ സഭയെ ഭരിക്കാൻ നിനക്കു കഴിയാതെ വരും.

അനു: അച്ചായാ! ദൈവത്തിന്റെ പരിശുദ്ധാത്മാവാണല്ലോ സഭയെ ഭരിക്കേണ്ടത്? അതിനു മൂപ്പന്മാരായ ഞങ്ങൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചു ആത്മനടത്തിപ്പിൻപ്രകാരം കാര്യങ്ങൾ ചെയ്താൽ മതിയല്ലോ.

# നീതി അവനു മുമ്പായി നടക്കയും അവന്റെ കാൽച്ചുവടുകളുടെ വഴി നോക്കുകയും ചെയ്യുന്നു

*എലിയാമ്മ ജോണി, ഉള്ളിക്കൽ*

''സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗം ആകുന്നു, ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു" സങ്കീ. 115-ന്റെ 16. 'എന്നാൽ മനുഷ്യന്റെ കഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങൾ ദോഷമുള്ളതെന്നും യഹോവ കണ്ടു'. ഉല്പ. 6:5. ദോഷത്തെ വെറുക്കുന്ന ദൈവം ന്യായമായി ശിക്ഷിക്കും ശിക്ഷിക്കാതെ വിടുകയില്ല. ആദിമകാലത്തു ദൈവത്തിനു വിരോധമായി പാപം ചെയ്തപ്പോഴൊക്കെയും ശിക്ഷിച്ചിട്ടുള്ളതായി നമ്മൾ തിരുവചനത്തിൽ വായിക്കുന്നു. മരുഭൂമിയിൽക്കൂടി ജനത്തെ നടത്തിയപ്പോൾ അവർ പിറുപിറുത്തതിന്റെ ഫലമായി അഗ്നിസർപ്പങ്ങളെ അയച്ചു അതിന്റെ കടിയേറ്റു അനേകർ മരിച്ചു.

'ഭൂമി പൊടുപൊടെ പൊട്ടുന്നു; കിറുകിറെ കീറുന്നു; കിടുകിട കിടുങ്ങുന്നു; മത്തനെപ്പോലെ ചാഞ്ചാടുന്നു; അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു' യെശ. 24:19,20. മനുഷ്യനെ ദൈവം നേരുള്ളവനായി സൃഷ്ടിച്ചു. അവർ അനേക സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു. സഭാ.7:24. അതിനാൽ മനുഷ്യന്റെ ബുദ്ധി ദോഷകാര്യങ്ങളിലേക്കു ചാഞ്ഞിരിക്കുന്നു. ഏതു ദോഷം ചെയ്യാനും മടിയില്ലാത്തവരായി മാറിയിരിക്കുന്നു. അതുകൊണ്ട് "താൻ സൃഷ്ടിച്ച മനുഷ്യർ അറിയേണ്ടതിനു മഴയെ പെരുമഴയെത്തന്നേ അയച്ചു കര കടലായി മാറി ബോട്ടുകളും വള്ളങ്ങളുമൊക്കെ കരയിൽ കയറി മനുഷ്യരെ രക്ഷപ്പെടുത്തി അനേകർ മരിച്ചുപോയി. ഭൂമികുലുക്കത്താലും ഉരുൾപൊട്ടലിനാലും വലിയ സംഭവങ്ങളുണ്ടായി. ഭൂമി പിളർന്നു ദാഥാനെ വിഴുങ്ങി അബീരാമിന്റെ കൂട്ടത്തെയും മൂടിക്കളഞ്ഞു എന്നു നമ്മൾ തിരുവചനത്തിൽ വായിക്കുന്നു. എന്നാൽ ഇപ്പോൾ ഇതെല്ലാം നമ്മുടെ കൺമുമ്പിൽത്തന്നെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. കൂടാതെ പല പുതിയ രോഗങ്ങളായ വൈറസുകളാലും (എബോള, സിക, നിപ്പ) പഠിപ്പിച്ചു. എന്നിട്ടും മനുഷ്യർ ദൈവത്തിങ്കലേക്കു തിരിഞ്ഞില്ല.

"യഹോവയുടെ ക്രോധം എന്ന കൊടുങ്കാറ്റ് വലിയ ചുഴലിക്കാറ്റു തന്നെ പുറപ്പെട്ടിരിക്കുന്നു അത് ദുഷ്ടന്മാരുടെ തലമേൽ ചുറ്റിയടിക്കും തന്റെ ഹൃദയത്തിലെ ഉദ്ദേശങ്ങളെ നടത്തിത്തീരുവോളം യഹോവയുടെ കോപം മാറുകയില്ല യിരെമ്യ 23-ന്റെ 19,20. ''യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല. ആമോ.3:7. ദൈവം നമുക്കു തിരുവചനത്തിൽക്കൂടെ വെളിപ്പെടുത്തി തന്നതൊന്നും ഓർക്കാതെയും വചനം വായിച്ചു നിശ്ചയം പ്രാപിക്കാതെയും ഏതു പാപവും ചെയ്തു മുമ്പോട്ടുപോകുന്നു. തന്റെ കാൽച്ചുവടുകളെ അനുഗമിക്കാതെ മറ്റുപല ചുവടുകളെയും നോക്കി യാത്ര ചെയ്യുന്നു. താൻ കാണാതെവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ? യിരെ. 23:24. ഇന്നു ചെയ്യുന്നതെല്ലാം അവൻ കാണുന്നു "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാന്മാർ ഉണ്ടോ എന്നു കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു, സങ്കീ. 53:2.

മനുഷ്യരുടെ ബുദ്ധി കെടുത്തി ക്കൊണ്ട് ചെറിയ വൈറസു കളെക്കൊണ്ടു ദൈവം ന്യായവിധി നടത്തുന്നു, 2019-ൽ വന്ന കോവിഡ് രോഗം നമ്മെ കടന്നുപിടിച്ചിരിക്കുന്നു. എത്ര ശ്രമിച്ചിട്ടും മാറ്റാൻ (ഇല്ലാതാക്കാൻ) കഴിഞ്ഞിട്ടില്ല. ഇതു ദൈവത്തിന്റെ കയ്യാണെന്നു മനുഷ്യർ മനസ്സിലാക്കണം അവന്റെ കൈ കുറുതായിട്ടില്ല. അതു നീട്ടിയിരിക്കുന്നു.

കോവിഡുകാലം 2019 ഡിസംബറിൽ ചൈനയിൽ രോഗം ബാധിച്ചു. കോവിഡ് എന്നത് രോഗത്തിനു കൊടുത്ത പേരാണ് കൊറോണ വൈറസാണ് ഈ രോഗത്തിനു കാരണക്കാരൻ.

കൊറോണ എന്നത് ലാറ്റിൻ വാക്കാണ് കിരീടം എന്നർത്ഥം. മൈക്രോസ്കോപ്പുവെച്ചു നോക്കുമ്പോൾ മുള്ളുകളുള്ളതിനാൽ മുൾക്കിരീടം. ഇന്നു എല്ലാവരെയും ദുഃഖത്തിലും നെടുവീർപ്പിലും ആക്കിയിരിക്കുന്നു. ഈ മഹാമാരി എന്തുകൊണ്ട് "ജ്ഞാനികൾ ഇവയെ ശ്രദ്ധിക്കും അവർ ദൈവത്തിന്റെ കൃപകളെ ചിന്തിക്കും" സങ്കീ.107:43. 2000 വർഷങ്ങൾക്കുമുമ്പ് ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കുവന്നു ലോകമോ അവനെ അറിഞ്ഞില്ല. യോഹ.1:9,11 എന്നാൽ 2019-ൽ ഇരുളായി വന്ന കൊറോണയെ ലോകം മുഴുവൻ അറിഞ്ഞു. താൻ സൃഷ്ടിച്ച മനുഷ്യർ അവനെ അറിയണം. "തന്നെ പകയ്ക്കുന്നവരെ നശിപ്പിപ്പാൻ അവർക്കു നേരിട്ടു പകരം കൊടുക്കുന്നു" ആവ. 7:10. വെളിച്ചമായി വന്ന യേശുവിനു കൊടുത്തത് മുൾക്കിരീടം അവന്റെ തലയിൽ മുൾക്കിരീടം ചൂടിച്ചു, കൈയ്യിൽ കോൽ കൊടുത്തു. മുഖം മൂടിക്കെട്ടി. അവന്റെ മുഖത്തു തുപ്പി, കോലു കൊണ്ടടിച്ചു. പീലാത്തോസ് എന്ന നാടുവാഴി വെള്ളമെടുത്തു കൈ കഴുകി. ഇന്നിപ്പോൾ നാം കൊച്ചുക്കുട്ടികൾ മുതൽ എല്ലാവരും മുഖം മൂടിക്കെട്ടി നടക്കുന്നു. തുപ്പരുതെ എന്നു എഴുതിവച്ചിരിക്കുന്നു, നിയമപാലകർ കോലുമായി നടക്കുന്നു, അടിക്കുന്നു. എല്ലാവരും കൈകഴുകുന്നു. മുൾക്കിരീടം ധരിച്ചു മരിച്ചുകൊണ്ടിരിക്കുന്നു., ആരാധനാലയങ്ങളും അടച്ചിട്ടു. ഇന്നു ദൈവഭയം ഇല്ലാതെ ദൈവത്തിനു കൊടുക്കേണ്ട ബഹുമാനം കൊടുക്കാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ നോക്കുന്നു. ആർക്കും സന്തോഷം ഇല്ലാതെയും ദൈവസ്നേഹം ഇല്ലാതെയും ദൈവത്തെ ആരാധിപ്പാൻ വരുന്നു. ദൈവവചനം വായിക്കുകയോ അതിൽ ശക്തിപ്പെടുകയോ ചെയ്യാതെ ഏതെങ്കിലും ദൈവദാസന്മാർ ആത്മനിറവിൽ എഴുതിയ പാട്ടുകൾ മനസ്സിൽ ഒന്നുമില്ലാതെ പാടിവിടുന്നു. ഹൃദയപരാമർത്ഥത ഇല്ലാതായിരിക്കുന്നു അതിനാൽ നിങ്ങളുടെ "സഭായോഗങ്ങളിൽ എനിക്കു പ്രസാദമില്ല, നിന്റെ പാട്ടിന്റെ സ്വരം എങ്കൽനിന്നു നീക്കുക നിന്റെ വീണാനാദം ഞാൻ കേൾക്കുകയില്ല" ആമോ.5:21,23 ഇതെല്ലാം സംഭവിച്ചതു എന്തുകൊണ്ടെന്നാൽ നമ്മുടെ നടപ്പും പ്രവർത്തിയും ചൊവ്വുള്ളതല്ല. അതിനാലും അവന്റെ ആലോചനക്കു ചെവി കൊടുക്കാതെയും നമുക്കു ബോധിച്ചതുപോലെ നടക്കുന്നതിനാലാണ്. പിതാക്കന്മാരുടെ കാലത്തും അവരെ ശിക്ഷിച്ചു. ചില കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം. മരുഭൂമി, അഗ്നിസർപ്പത്തെ അയച്ചു അനേകർ മരിച്ചു. കോരഹിന്റെ സംഗതിവശാൽ മരിച്ചവർ കൂടാതെ ബാധകളാൽ മരിച്ചവർ 14700. ദാവീദ് ജനത്തെ എണ്ണിയതിനാൽ ദൈവം കോപിച്ചു അന്നു മഹാമാരിയാൽ മരിച്ചവർ 70,000. ഇന്ന് കോവിഡു ബാധിച്ച് മരിച്ചവർ ബഹുലക്ഷങ്ങൾ ഇതു തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതിനു മാറ്റം വരാൻ നമുക്കു പ്രാർത്ഥിക്കാം. അവൻ കരുതലുള്ളവനാണ്. കർത്താവു പറഞ്ഞ വാക്കു നമുക്കോർക്കാം. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ വ്യാധി ഒഴിഞ്ഞുപോകയില്ല. ✿

പ്രകാശധാര

# വിശുദ്ധ ബൈബിളിന്റെ ദൈവശ്വാസീയത

***ഉമ്മൻ ജോർജ്, തിരുവനന്തപുരം***

*"......... അവൾ അവന്റെ ഭാര്യയായി, അവന് ഒരു മകനെ പ്രസവിച്ചു. എന്നാൽ ദാവീദു ചെയ്തത് യഹോവയ്ക്ക് അനിഷ്ടമായിരുന്നു " (2 ശമു. 11:27)*

സർവ്വശക്തനായ ദൈവത്തിന്റെ തികഞ്ഞ ഭക്തനായിരുന്ന ദാവീദ് ലോകനീതിക്കുപോലും ചേരാത്തതായ വിധത്തിൽ ചെയ്ത അതിനീചമായ ചില കാര്യങ്ങളാണ് 11-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആണ്ടുതോറും ഒരു പ്രത്യേകസമയത്ത് രാജാക്കന്മാർ മുൻനിരയിൽനിന്നുകൊണ്ട് യുദ്ധങ്ങൾ നടത്തുന്ന ഒരു സമ്പ്രദായം പല കാര്യങ്ങളിലുണ്ടായിരുന്നു എന്നു 1-ാം വാക്യത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ ഒരു പ്രത്യേക ആണ്ടിൽ ദാവീദു രാജാവ് കൃത്യവിലാപം നടത്തി. ഭക്തനായ ദാവീദിന്റെ സകല വീഴ്ചകൾക്കും പില്ക്കാലത്തുണ്ടായ നിരവധി കണ്ണുനീരിന്റെയും അനുഭവങ്ങൾക്കും ഹേതുവായിത്തീർന്നത് 11-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ കൃത്യവിലാപമാണ്.

ദൈവജനമേ ഹവ്വയെ വഴിതെറ്റിച്ച് മനുഷ്യവർഗ്ഗത്തെ ആകമാനം വീഴ്ത്തിയ സാത്താൻ ഇന്നും അതിസമർത്ഥനാണ്. 'താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കിക്കൊള്ളട്ടെ' (1 കൊരി.10:12) എന്ന് അപ്പൊസ്തലൻ കൊരിന്തുസഭയിലെ വിശ്വാസികളെ ഓർപ്പിക്കുന്നത് ഈ അർത്ഥത്തിലാണ്. 10-ാം അദ്ധ്യായം വരെയും ദൈവത്തിനുവേണ്ടി എരിഞ്ഞു ശോഭിച്ച ദാവീദിനെ വീഴ്ത്തുവാൻ സാത്താൻ സമർത്ഥമായി കെണി ഒരുക്കി. ഉച്ചയ്ക്ക് മൃഷ്ടാന്നഭോജനം കഴിഞ്ഞു മെത്തയിൽ ഉറങ്ങിയ ദാവീദ് സന്ധ്യയാകാറായ സമയത്താണ്. ഇതുതന്നെ തക്കം എന്നു കണ്ട സാത്താൻ മാളികമേൽ ഉലാത്തുവാനുള്ള പ്രേരണ ദാവീദിനു കൊടുത്തു. ആ സമയത്തുതന്നെ അതിസുന്ദരിയായ ഒരു സ്ത്രീ പുഴയിൽ കുളിക്കുന്നതിനായി വരുവാൻ സാത്താൻ തന്ത്രം മെനഞ്ഞു.

കാലക്കണക്കുവെച്ചു നോക്കിയാൽ ഈ സമയത്ത് ദാവീദിന് ഏകദേശം 50 വയസ്സായിക്കാണേണം. അപ്പോൾത്തന്നെ തനിക്ക് 6 ഭാര്യമാരുണ്ടായിരുന്നതായി 2 ശമു. 3:2-5 വാക്യങ്ങളിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കും. എന്നിട്ടും ദാവീദ് ഏഴാം കല്പന ലംഘിച്ചു. വ്യഭിചാരം ചെയ്യരുത് എന്ന് ദൈവം കല്പന കൊടുത്തത് മനുഷ്യവർഗ്ഗത്തിലെ പുരുഷന്മാരോടു മാത്രമല്ലായിരുന്നു. താരതമ്യേന കുറവാണെങ്കിലും സഹോദരിമാരും (സ്ത്രീകൾ) ചിലപ്പോഴൊക്കെ ഈ പാപത്തിനു അടിമപ്പെടാറുണ്ട്. ഉല്പത്തി 39-ൽ വിവരിച്ചിരിക്കുന്ന മിസ്സസ്സ് പൊത്തിഫേറിന്റെ ചരിത്രം ഒന്നു ശ്രദ്ധിച്ചാൽ മതി. ആ കൊച്ചമ്മ പാവം യോസേഫിനെ ഒരു പാടു വിഷമിപ്പിച്ചു.

ഇവിടെ നാം ഭയത്തോടുകൂടെ ഓർക്കേണ്ട ഒരു വിഷയമുണ്ട്. മറ്റെല്ലാ പാപങ്ങളും ഒരു വ്യക്തിയെ മാത്രം ബാധിക്കുമ്പോൾ, വ്യഭിചാരത്തിൽ ഒരു പക്ഷേ ആ പാപം ചെയ്യുവാൻ ആഗ്രഹിക്കാത്ത മറ്റൊരാൾക്കൂടെ നിർബന്ധമായി വലിച്ചിഴയ്ക്കപ്പെടുന്നു. ദാവീദിന്റെ ബെത്ത്ശേബയുടെയും കാര്യത്തിൽ സംഭവിച്ചത് അതാണ്. രാജാവിന്റെ അധികാര

ത്തിന്റെയും ശക്തിയുടെയും പച്ഛാത്തലത്തിൽ സാധുവായ ബെത്ത്ശേബയും പാപത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ടു. ദൈവജനം, വിശേഷാൽ ഇത്തരം പാപങ്ങൾക്കായി പരീക്ഷിക്കപ്പെടുന്ന സഹോദരന്മാർ, ഈ സത്യം ഭയത്തോടു ശ്രദ്ധിക്കും എന്നു കരുതട്ടെയോ?

ഏതാനും ചില മാസങ്ങൾക്കു മുമ്പ് ഞാനും ഭാര്യയും ഞങ്ങളുടെ മകൻ കുടുംബമായി താമസിക്കുന്ന ഗൾഫിലെ ഒരു സ്ഥലത്ത് (പേർ പറയുകയില്ല) സന്ദർശനത്തിനായി പോയി. ആ സ്ഥലംസഭ എടുത്ത ഒരു തീരുമാനം കേട്ടപ്പോൾ അല്പം ചിരിച്ചുപോയി. 60 വയസ്സിൽ താഴെയുള്ളവരും ഒറ്റയ്ക്കു വരുന്നവരുമായ സുവിശേഷകന്മാരെ യാതൊരു കാരണവശാലും സഹോദരിമാരുള്ള ഭവനങ്ങളിൽ പാർപ്പിക്കുകയില്ല. താരതമ്യേന ശമ്പളം കുറഞ്ഞ സഹോദരന്മാരുള്ള ആ സഭ, വേണ്ടിവന്നാൽ അങ്ങനെയുള്ള സുവിശേഷകന്മാരെ, സാമ്പത്തികക്ലേശം സഹിച്ചായാലും ഹോട്ടലുകളിൽ താമസിപ്പിക്കും. നോക്കുക, നമ്മുടെയും നമ്മുടെ സുവിശേഷകന്മാരുടെയും സാക്ഷ്യം. തികഞ്ഞ സാക്ഷ്യത്തോടുകൂടെ ജീവിക്കുന്ന സുവിശേഷകന്മാരുണ്ടെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല.

യിരെമ്യാപ്രവചനം 5-ാം അദ്ധ്യായത്തിൽ ദൈവമായ കർത്താവ് യിസ്രായേലിലെ ചില പുരുഷന്മാരുടെ ഈ പാപത്തെ ഘനതരമായി ശാസിക്കുന്നുണ്ട്. 8-ാം വാക്യം അതേനിലയിൽ ഉദ്ധരിക്കട്ടെ. "തീറ്റിത്തടിപ്പിച്ച കുതിരകളെപ്പോലെ അവർ മദിച്ചുനടന്നു. ഓരോരുത്തൻ താന്താന്റെ കൂട്ടുകാരന്റെ ഭാര്യയെ നോക്കി ചിറാലിക്കുന്നു" പോഷകസമൂല്യം കൂടുതലുള്ള ആഹാരപദാർത്ഥങ്ങൾ ലഭിക്കുന്ന ഈ 21-ാം നൂറ്റാണ്ടിൽ ദൈവത്തിന്റെ ദാസന്മാർ തങ്ങളുടെ ശരീരങ്ങളെ വളരെയധികം പുഷ്ടിപ്പെടുത്താൻ ശ്രമിച്ചാൽ അപകട സാധ്യതയുണ്ടാകാമെന്ന് ഈ വാക്യം സൂചന തരുന്നുണ്ട്. അപ്പോഴണല്ലോ ചിറാലിപ്പ് ഉണ്ടാകുന്നത്. വ്യഭിചാരം എന്നത് ദൈവത്തിനു ക്ഷമിക്കുവാൻ പ്രയാസമുള്ള ഒരു പാപമാണെന്ന് യിരെ. 5:7-ൽ വ്യക്തമായി പറയുന്നുണ്ട്. ദൈവജനമേ, ജാഗ്രതൈ!

താൻ ഗർഭിണിയായിരിക്കുന്നു എന്നു ബത്ത്-ശേബ ദാവീദിനു വർത്തമാനം അയച്ചുവെന്ന് 5-ാം വാക്യത്തിൽ പറയുന്നുണ്ട്. ഗൗരവതരമായ ചില സത്യങ്ങൾ ഇതിന്റെ പിറകിലുണ്ട്. ഒരു പക്ഷേ ആഴ്ചകളോ മാസങ്ങളോ ആയി ഊരിയാവ് തന്റെ ഭാര്യയിൽനിന്നും അകലെ ആയിരിക്കുകയാണ്. അങ്ങനെയെങ്കിൽ ഈ ഗർഭത്തിന്റെ ഉത്തരവാദിയെ ഭർത്താവിന്റെ മുൻപിൽ തുറന്നു കാട്ടേണ്ട ഒരു ഗതികേട് ബത്ത്-ശേബയ്ക്കുണ്ട്. ലേവ്യ.20:10 അനുസരിച്ച് ഒരുത്തന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്താൽ അവനും ആ പാപത്തിന് വിധേയമാക്കപ്പെട്ട പാവപ്പെട്ട സ്ത്രീയും ഇരുവരും മരണശിക്ഷ അനുഭവിച്ചേ മതിയാകൂ. ദാവീദിനും ഈ വചനഭാഗം വ്യക്തമായി അറിയാമായിരുന്നതിനാൽ പ്രശ്നത്തെ അതിജീവിക്കുവാൻ ദാവീദ് സകല കുതന്ത്രങ്ങളും പയറ്റുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഭക്തനായ ദാവീദ് പൂർണ്ണമായും വഞ്ചകനായ സാത്താന്റെ കൈക്കീഴിൽ അമർന്നുപോയി.

ബത്ത്-ശേബയിൽ ഉത്ഭവമായ പുതിയ ഭ്രൂണത്തിന്റെ ഉത്തരവാദിത്തം നിഷ്കളങ്കനായ ഊരിയാവിൽ കെട്ടിവെയ്ക്കുവാൻ നടത്തിയ ഹീന ശ്രമം പരാജയപ്പെട്ടപ്പോൾ അതിലും നീചമായ കല്പനാലംഘനത്തിന് രാജാവ് തയ്യാറായി. കൊല ചെയ്യരുത് എന്ന 6-ാം കല്പനയും (പുറ.20:13) ദാവീദ് ലംഘിച്ചു. ദൈവഭക്തനും രാജഭക്തനും ആയിരുന്ന ഊരിയാവിനെ ദാവീദ് ഹീനമായ നിലയിൽ കൊല്ലിച്ചു. ഞങ്ങൾ വളരെ ബഹുമാനിക്കുന്നു (ദൈവത്തിന്റെ

ഹൃദയപ്രകാരമുള്ള) ദാവീദേ, ഇതൊക്കെ ചെയ്യുവാൻ താങ്കൾക്ക് എങ്ങനെ പ്രേരണയുണ്ടായി? ദൈവജനമേ, ഇനിയും കാര്യങ്ങൾ വിശദമായിട്ടും പച്ചയായിട്ടും എഴുതിയത് എന്റെയും നമ്മുടെ ഓരോരുത്തരുടെയും ബുദ്ധ്യുപദേശത്തിനായിട്ടാണ്. കാരണം നാം ജഡത്തിൽ ജീവിക്കുന്നവരാണ്. തെറ്റുകൾ ചെയ്യാവുന്ന ഒരു അവസ്ഥയിലാണ് നാം ആയിരിക്കുന്നത്. അലറുന്ന സിംഹം എന്നപോലെ സാത്താൻ എല്ലായ്പ്പോഴും നമ്മുടെ പിന്നാലെ ഉണ്ട് എന്ന സത്യം മറക്കരുതേ.

വിശുദ്ധ ബൈബിളിന്റെ ദൈവശ്വാസീയതയെ ചോദ്യം ചെയ്യുന്ന അനേകർ ഈ ഭൂമിയിലുണ്ട്. അക്കൂട്ടത്തിൽ ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവരുമുണ്ട്. അവർക്കൊക്കെ ഒരു ചുട്ട മറുപടിയായിട്ടാണ് പ്രാരംഭത്തിൽ ഉദ്ധരിച്ച 27-ാം വാക്യത്തെ നാം കാണുന്നത്. ഭൗമിക കാഴ്ചപ്പാടു മാത്രമുള്ള ഒരു എഴുത്തുകാരൻ ലോകത്തിലെ ഉന്നതനായ ഒരു വ്യക്തിയെക്കുറിച്ചു എഴുതുകയാണെങ്കിൽ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ നല്ല വശങ്ങളെക്കുറിച്ച് പ്രകീർത്തിക്കുമ്പോൾ, തിന്മയായ വശങ്ങൾ കണ്ടില്ലെന്നു നടിക്കും. ലോകപ്രകാരം ഉന്നതനായ ഒരു വ്യക്തിയായിരുന്നു ദാവീദ്. അദ്ദേഹം രാജാവുമായിരുന്നു. ബൈബിളിന്റെ വെളിച്ചത്തിൽ ദൈവാത്മപ്രേരിതനായ ഒരു മനുഷ്യൻ എഴുതുമ്പോൾ ദാവീദിന്റെ കൊടിയ പാപങ്ങളും മറനീക്കി പുറത്തുകൊണ്ടുവരുന്നുണ്ട്. വിശുദ്ധ ബൈബിളിന്റെ ദൈവശ്വാസീയതയെ വെളിപ്പെടുത്തുവാൻ ഇതിൽപരം ഒരു സംഭവം വേണ്ടല്ലോ. ഈ വിശുദ്ധഗ്രന്ഥത്തെ നമ്മുടെ പഠനവിഷയമാക്കാം. തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ✿

ഗാനം

## വരവിന്നായി ഒരുങ്ങാം

കർത്തനേ യേശു വാനിൽ വന്നു നമ്മെ ചേർക്കുവാൻ
കാലമായി പ്രിയരേ നാമിന്ന് ഒരുങ്ങുന്നുണ്ടോ?.... (2)

സുഖലോലുപത ഉപജീവന ചിന്തകളാൽ
ആമഗ്നരായി മന്ദമനസ്ക്കരാകാതെ
അധർമ്മം പെരുകി സ്നേഹം കുറഞ്ഞുപോകാതെ
അന്ത്യംവരെ സഹിച്ചു നിൽപ്പാൻ പ്രാർത്ഥിച്ചും
ദൈവരാജ്യ സുവിശേഷം എങ്ങും അറിയിച്ചും
കാത്തുനിൽക്കാം കർത്തനായി എന്നും പ്രിയരേ! ...കർത്ത

വ്യാജപ്രവാചകൻ വന്ന് തഞ്ചം വഞ്ചിച്ചാൽ
ചഞ്ചലിച്ചു സംഭ്രമത്താൽ നിപതിക്കാതെ നാം
കർത്തൻ മുമ്പിൽ നിൽപ്പാൻ നമ്മൾ പ്രാപ്തരാകുവാൻ
ജാഗ്രതയോടുണർന്നും പ്രാർത്ഥന നിരതരുമായ്
വഞ്ചിതരാകാതൊരുങ്ങി ജാഗരൂകരായി
കാത്തുനിൽക്കാം കർത്തനായി എന്നും പ്രിയരേ! ...കർത്ത

കർത്തൻ വരവിൻ ലക്ഷണങ്ങൾ എങ്ങും കാണുന്നേ
ക്ഷാമവും ഭൂകമ്പവും അവിടവിടെയായ്
പകർച്ചവ്യാധി രോഗങ്ങളും എല്ലാടത്തുമായി
കലാപങ്ങൾ ചുഴലിക്കാറ്റും വർദ്ധിച്ചുവന്നാലും
ചഞ്ചലപ്പെടാതൊരുങ്ങി ജാഗരൂകരായി
കാത്തുനിൽക്കാം കർത്തനായി എന്നും പ്രിയരെ! ...കർത്ത

*-ജോയി മത്തായി ഫിലിപ്പ്.*

# ജീവചരിത്രസംഗ്രഹം

## എം.ഇ. ചെറിയാൻ

***ഡോ. പി.എം. ജോർജ്ജുകുട്ടി, ചെങ്ങന്നൂർ***

### എം.ഇ.സി ഒരു പ്രസ്ഥാനം

മഹാനായ എം.ഇ.സി ഒരു പ്രസ്ഥാനമായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തി തെല്ലുമില്ലെന്നു കരുതുന്നു. തൊട്ടതെല്ലാം പൊന്നാക്കുന്ന വരം എന്നപോലെ അനുഗ്രഹത്തിന്റെ ദൈവിക കയ്യൊപ്പു പതിഞ്ഞ രണ്ടു മഹാപ്രസ്ഥാനങ്ങളാണല്ലോ സുവിശേഷകൻ ബാലസംഘവും യുവാക്കളെ മുൻനിരയിലണിനിരത്തി സുവിശേഷീകരണ ലക്ഷ്യത്തിൽ യത്നിക്കുന്നതിനു വിത്തുപാകിയ വൈ.എം.ഇ.എഫും വാസ്തവത്തിൽ കുമ്പനാടു ഹൈസ്കൂളിൽ ഒരു അദ്ധ്യാപകനായിരിക്കുന്ന കാലത്തുതന്നെ, കൃത്യമായി പറഞ്ഞാൽ 1941-ൽ സ്വന്ത മാതൃസഭയായ കുറിയന്നൂർ ബ്രദറൺ സഭാഹാളിൽ പതിനൊന്നു പേർ ചേർന്നു പ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷയാണ് വൈ.എം.ഇ.എഫ് എന്നതു മുമ്പു സൂചിപ്പിച്ചതാണല്ലോ. ആദ്യനാളുകളിൽ പലവിധ സംശയവിചാരങ്ങളും വിദ്വേഷങ്ങളും ഇതിനെതിരെ ഉയർന്നിട്ടുണ്ടെങ്കിലും പില്ക്കാലത്ത് അവയെല്ലാം താനേ ഇല്ലാതെയാവുകയായിരുന്നു. മാത്രമല്ല, കേരളത്തിന്റെ വടക്കുഭാഗത്തേക്കും ഇതു വ്യാപിക്കുകയുണ്ടായി. വടക്കുഭാഗത്തേക്കു വൈ.എം.ഇ.എഫിന്റെ വ്യാപനത്തിന് മുഖ്യമായി ചുക്കാൻപിടിച്ചത് ശ്രീ ദാനിയേൽ വില്യംസ് കൊച്ചി അവർകളായിരുന്നുവെന്നതും എടുത്തുപറയേണ്ടതാണ്. പിന്നീട് വടക്കൻ മേഖലാ വൈ.എം.ഇ.എഫ് വടക്കേ ഇന്ത്യൻ സുവിശേഷീകരണം പ്രധാന ലക്ഷ്യമായി സ്വീകരിച്ചുകൊണ്ട് നിർണ്ണായക മുന്നേറ്റത്തിനു തയ്യാറായി എന്നതും ചാരിതാർത്ഥ്യജനകമായ വസ്തുതയാണ്. ഇതര സംസ്ഥാനങ്ങൾ കൂടാതെ, അമേരിക്ക, കാനഡ, ആസ്ട്രേലിയ ഗൾഫുരാജ്യങ്ങൾ, യൂറോപ്പ് എന്നീ മേഖലകളിലേക്കും ഈ ശുശ്രൂഷ വിസ്തൃതി കണ്ടെത്തുന്നതിന് സർവ്വേശ്വരൻ മുഖാന്തരമൊരുക്കി.

### സ്വന്തമായി ഒരു വാഹനം

നാലാമത്തെ മകൻ ടോമി വാങ്ങിക്കൊടുത്ത ഒരു പഴയ അംബാസഡർ കാറാണ്. വൈകിയ വേളയിലാണെങ്കിൽ ചെറിയാൻസാർ ഉപയോഗിച്ചുകൊണ്ടിരുന്നത് എന്ന വസ്തുത മിക്കവാറും വിശ്വാസസമൂഹത്തിന് അറിയാവുന്നതാണ്. കൺവൻഷൻ കാലഘട്ടത്തിൽ 'വാൽനീളമുള്ള' ആ വണ്ടിയുമായി കേരളത്തിലുടനീളം അദ്ദേഹം സഞ്ചരിക്കുമായിരുന്നു. നർമ്മരസം തുളുമ്പിനില്ക്കുന്ന ദൃഷ്ടാന്ത സഹിതം ലളിതമായ ചിന്തകൾ ജനഹൃദയങ്ങളിൽ ആഴമായി പതിയുന്ന പ്രഭാഷണശൈലി ആരെയും ഹഠാദാകർഷിക്കുന്നതായിരുന്നു. ഉപദേശസത്യങ്ങളിലും പ്രായോഗിക പ്രാധാന്യതയിലും അല്പംപോലും വിട്ടുവീഴ്ചയില്ലാത്ത കാർക്കശ്യവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ പ്രത്യേകതയായിരുന്നു. അനേകനാളുകൾ കോട്ടയം സ്വദേശിയായ സഹോദരൻ വിജയൻഅവർകൾ വിശ്വസ്തനായി സാറിന്റെ വാഹനമോടിച്ചു. കേരളത്തിൽ വരുന്ന സന്ദർഭങ്ങൾ പി.പി.പ്രസന്നൻ, ബെൽത്ത്ശസ്സർ തുടങ്ങിയ സുവിശേഷകന്മാരെയും സാർ കൂടെ ചേർത്തിരുന്നു.

### സ്വപ്നസാക്ഷാത്കാരം

ബൈബിൾസ്കൂൾ നടത്തിപ്പിന് ഒരു കെട്ടിടം ദൈവം ദാനം ചെയ്തത്, മധുരയിലും ചുറ്റുപാടുകളിലും അനേക പ്രവർത്തകരെ വാർത്തെടു

ക്കുന്നതിനും പ്രവർത്തനങ്ങൾക്കും രൂപം നല്കുന്നതിനും ശ്രദ്ധേയമായ ചുവടുവെയ്പിനു കാരണമായി. തന്റെ മക്കൾ ശ്രീ. ജോൺസ് ചെറിയാനും ഭാര്യ ഓമന ജോൺസും സുവിശേഷവേലയ്ക്കു വേർതിരിയുകയും ബൈബിൾസ്കൂളിന്റെ ചുമതല നിർവ്വഹിക്കുന്നതിനു തയ്യാറാകുകയും ചെയ്തത് വർദ്ധിതമായ സന്തോഷത്തിനും അനുഗ്രഹത്തിനും മുഖാന്തരമായി. ഇന്ന് ജോൺസ് ചെറിയാൻ സഹോദരന്റെ മകൻ ശ്രീ. സാം ജോൺസ് ചെറിയാനും കുടുംബവും (ശ്രീ. ജോൺ കുര്യൻ, കോട്ടയം അവർകളുടെ മകൾ ഷീബയാണ് സാമിന്റെ ഭാര്യ. രണ്ടു മക്കളുമുണ്ട്). ഡാളസ് തിയോളജിക്കൽ സെമിനാരിയിലെ അഭ്യസനശേഷം മടങ്ങിയെത്തി "മധുര ബൈബിൾ കോളേജിന്റെ ശുശ്രൂഷകളിൽ ചുമതല കൊടുക്കുന്നു. ശ്രീ. ജോൺസ് ചെറിയാൻ നേതൃത്വം വഹിക്കുന്ന 'മധുര ഗോസ്പൽ ടീം' സ്തുത്യർഹമായ സുവിശേഷസാക്ഷ്യമാണ് ക്ഷേത്രനഗരിയിലും പ്രാന്തങ്ങളിലും നിർവ്വഹിക്കുന്നത്.

ഒടുവിലത്തെ അമേരിക്കൻ പര്യടനാനന്തരം തിരികെയെത്തിയ എം. ഇ. ചെറിയാൻസാറിന്റെ ഹൃദയത്തിലെ രണ്ടു പ്രത്യേക സ്വപ്നങ്ങൾ പൂവണിയുന്നതിനു കർത്താവ് അവസരമൊരുക്കി. അതിലൊന്നാണ് 'സുവിശേഷകൻ' അച്ചടിശാല സ്വന്തമായി സ്ഥാപിതമായത്. മറ്റൊരു സ്വപ്നസാഫല്യമാണ് 1993 സെപ്തം. 26-ന് ആരംഭിച്ച ഇംഗ്ലീഷ് ആരാധന. ഇവ രണ്ടും യഥാക്രമം മൂത്തമകൻ ശ്രീ. ജെയിംസ് ചെറിയാനും, ശ്രീ. ജോൺസ് ചെറിയാനും പ്രാർത്ഥനാപുരസ്സരം സമർപ്പണത്തോടെ ആത്മികശുശ്രൂഷ എന്ന നിലയിൽ തുടർന്നുവരുന്നു. ജോൺസ് ചെറിയാൻ സഹോദരന്റെ ഇളയമകനും ഭാര്യയും (ഷിജു സൈമൺ ചെറിയാൻ- ജോയി) ഡാളസ് സെമിനാരിയിൽ പഠനം നിർവ്വഹിച്ചവരാണ്. ഇംഗ്ലീഷ് ആരാധനയിലും ബൈബിൾ സ്റ്റഡിയിലും പ്രിയപ്പെട്ടവരുടെ സാന്നിധ്യവും വിശേഷവിധിയായി ശുശ്രൂഷകളിലും പ്രോത്സാഹജനകമാണ്. ജോൺസ് ചെറിയാൻ അവർകളുടെ രണ്ട് ആൺമക്കളും കുടുംബമായി 'കമന്റഡ് വർക്കേഴ്സ്'' ആണെന്നത് എടുത്തുപറയേണ്ടതു തന്നെ.

**ഹാപ്പി മെലഡി**

ചെറിയാൻസാറിന്റെ മക്കളിൽ ടൈറ്റസ് ചെറിയാൻ ചെറുപ്പംമുതൽ സംഗീതവാസന പ്രകടിപ്പിച്ചിരുന്നു. ചെറിയാൻസാർ 'ഫീഡിൽ' വായിക്കുന്നതിൽ നിപുണനായിരുന്നല്ലോ. ആ സ്വാധീനത 'തമ്പി'ക്കു ലഭിച്ചുവെന്നർത്ഥം. ഭൗതിക ജോലിയേക്കാൾ സംഗീതത്തിലൂടെ സുവിശേഷം അറിയിക്കുന്നതിനുള്ള ആത്മഭാരത്താൽ അദ്ദേഹം മ്യൂസിക് ഗ്രൂപ്പ് ആരംഭിക്കുകയായിരുന്നു. പിതാവുതന്നെ പ്രാർത്ഥിച്ച് നിർദ്ദേശിച്ച പേരാണ് "ഹാപ്പി മെഡലി, മധുര". എല്ലാം ഉപകരണങ്ങളും കൈകാര്യം ചെയ്യുന്ന വൈദഗ്ധ്യം ശ്രീ. ടൈറ്റസിൽ വിളങ്ങി നില്ക്കുന്നു. ശ്രീ മാത്യു ജോൺ, ജെ. പി. രാജൻ, രജി കനകപ്പലം തുടങ്ങി ഒട്ടേറെ പ്രമുഖഗായകരെ രംഗത്തു അവതരിപ്പിക്കുന്നതിൽ 'ഹാപ്പി മെലഡി' ഉപയോഗപ്പെട്ടിട്ടുണ്ട്. ടീമിന്റെ കേരള സന്ദർശനവേളയിൽ ഗാനങ്ങൾക്ക് മുഖവുരയും പശ്ചാത്തലവും പ്രസ്താവിക്കുന്നതിനും വചനശുശ്രൂഷകൾക്കും ഈ എഴുത്തുകാരനും അനവധി അവസരം ലഭിച്ചിട്ടുണ്ട്. ഒടുവിൽ 2017-ൽ ടീമിന്റെ അമേരിക്കൻ സന്ദർശനവേളയിലും എഴുത്തുകാരൻ അനുഗമിച്ചിരുന്നു. ശ്രീ. ഷിബു പൊള്ളാച്ചി പ്രധാന ഗായകനായി തുടരുന്നു. ടൈറ്റസിന്റെ മരുമകൻ ശ്രീ, അനിയൻ ഡാളസ്, സിസ്റ്റം കൈകാര്യം ചെയ്യുന്നതിലും ഗാനാലാപനത്തിലും മികവുറ്റ പ്രതിഭയാണ്.

**മക്കൾ-മരുമക്കൾ**

ചെറിയാൻസാറിന്റെ മൂത്തമകൻ ജെയിംസ് ചെറിയാൻ പ്രശസ്ത മിഷണറി വനിതയായ മിസ്സ് ആർ എം. ടെയ്ലറിന്റെ വളർത്തുമകളായ സൂസിയെ വിവാഹം ചെയ്തു. പ്രിയ സഹോദരി ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. ദൈവം അവർക്കു ദാനം ചെയ്ത ഏകമകൻ അമേരിക്കയിൽ സകുടുംബം പാർക്കുന്നു.

മൂന്നാമത്തെ മകൻ ടൈറ്റസ്, പളനിയിൽ സുവിശേഷകനായിരുന്ന സുവി. കെ.ജോർജ്ജിന്റെ മകൾ മേഴ്സിയെ വിവാഹം ചെയ്തു. ടൈറ്റസ് കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു.

നാലാമത്തെ മകൻ തോമസ് ചെറിയൻ (റ്റോമി) പുനലൂർ ശ്രീ. എസ്.എസ് ഡേവിഡ് അവർകളുടെ മകൾ ഡോ. സൂസനെ വിവാഹം ചെയ്തു. ടോമി ചില നാളുകൾക്കുമുമ്പ് കർത്തൃസന്നിധി ചേർന്നു.

ഇളയമകൻ ജോസ് ചെറിയാൻ ഡാളസിൽ കുടുംബമായി താമസിക്കുന്നു. കുമ്പനാട് കൊടുന്തറ കെ.സി ജോൺ-തങ്കമ്മ ദമ്പതികളുടെ മകൾ ജോമോളാണ് ഭാര്യ. ജോസ് ചെറിയാൻ ഇന്നു കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.

പെൺമക്കൾ മൂവരും ഭർത്താക്കന്മാരോടൊപ്പം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ കർത്തൃവേല ചെയ്യുന്നതിന് ദൈവത്താൽ നിയോഗിതരായി.

മകൾ ഗ്രേസി- സെക്കന്ദ്രാബാദിൽ സുവി. കെ.വി. സാമുവേലിന്റെ സഹധർമ്മിണിയാണ്. സുവി. കെ.വി. സാമുവേൽ ചിലനാളുകൾക്കുമുമ്പ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

മകൾ മേഴ്സി രാജസ്ഥാനിലെ ജോഡ്പൂരിൽ സുവി. റ്റി.യു. ചെറിയാൻ അവർകളുടെ ജീവിതപങ്കാളിയാണ്.സുവി. റ്റി.യു ചെറിയാൻ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.

മകൾ ജോയ്സ് പ്രശസ്ത സുവി. മാത്യു പോൾ അവർകളുടെ സഹധർമ്മിണി. നാളുകൾക്കുമുമ്പ് പ്രത്യാശതീരമണഞ്ഞു. വിസ്താരഭയത്താൽ, കൊച്ചുമക്കളെയും അവരുടെ കുടുംബങ്ങളെയും പരാമർശിക്കാതെ വിടുകയാണ്.

**തീരമണയുന്നു:**

1993- ആഗസ്റ്റുമാസത്തിലാണ് സാർ ഒടുവിലത്തെ വിദേശയാത്രയ്ക്കുശേഷം (യു.എസ്.എ, യു.കെ) തിരികെ മധുരയിലെത്തിയത്. 1993 ഒക്ടോബർമാസം 2-ാം തീയതി മധുരയിൽനിന്ന് ഏകദേശം 100 കിലോമീറ്റർ ദൂരമുള്ള മുതുകുളത്തൂർ എന്ന സ്ഥലത്ത് ക്രമീകരിച്ചിരുന്ന സുവിശേഷയോഗത്തിൽ വചനം ശുശ്രൂഷിക്കുന്നതിനുപോയി. അവിടെയെത്തി പ്രസംഗത്തിനു സ്റ്റേജിലേക്കു കയറുന്നതിനു തൊട്ടുമുമ്പ് പ്രാർത്ഥനയോടെ തയ്യറായിരുന്ന ആ മഹാനായ ദൈവഭൃത്യൻ കസേരയിൽ നിന്നെഴുന്നേൽക്കുംമുമ്പുതന്നെ, ക്ഷീണം തോന്നി, ഒരു വശത്തേക്കു ചരിയുന്നതായി സദസ്സിലിരുന്ന ഒരു ഡോക്ടർ സഹോദരൻ കണ്ടു ഓടിയെത്തി താങ്ങിപ്പിടിച്ചു. പൾസ് നോക്കിയപ്പോഴേക്കും എം.ഇ.സി താൻ പ്രത്യാശ വെച്ചിരുന്ന ഭാഗ്യനാട്ടിൽ ചേർന്നിരുന്നു. സുവിശേഷവേലയിൽതന്നെ ഒരു കൈത്തിരിയായി എരിഞ്ഞു തീരണമെന്ന അഭിലാഷം, അരുമനാഥൻ അംഗീകരിച്ചതുപോലെ....

‘അന്നു നേരിൽ, നാഥനരികിൽ
വന്നു ചില കതിരുകൾ-കാണാൻ
തിരശ്ശീലയ്ക്കപ്പുറത്തേക്ക്.....’

(എഴുത്തുകാരന്റെ ഇളയ സഹോദരൻ പി.എം. ജയ്സൺ, വിജയനഗരം, അന്ന് മധുര ബൈബിൾസ്കൂൾ വിദ്യാർത്ഥിയായിരുന്നതിനാൽ, സാറിനോടൊപ്പം മുതുകുളത്തൂരിൽ എത്തിയിരുന്നു. സാറിന്റെ അന്ത്യനിമിഷങ്ങൾക്ക് ജയ്സനും സാക്ഷിയായിരുന്നു).

*(അവസാനിച്ചു)*

ബാലപംക്തി

# നമ്മുടെ നിക്ഷേപം



ഒരിക്കൽ ഒരു മനുഷ്യൻ തന്റെ അക്കൗണ്ടിൽനിന്നും പണമെടുക്കുന്നതിനായി ബാങ്കുകാർ നല്കിയിരുന്ന ചെക്കുലീഫു കൊടുത്ത് ടോക്കൺ എടുത്തു ക്യാഷിനായി കൗണ്ടറിൽ കാത്തുനില്ക്കുകയായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ക്ലർക്ക് അദ്ദേഹത്തെ വിളിച്ച് ഇപ്രകാരം പറഞ്ഞു "സ്നേഹിതാ നിങ്ങളുടെ ചെക്ക് പാസ്സാകുകയില്ല. ടോക്കൺ തിരികെ തരിക". അദ്ദേഹം ഇളിഭ്യനായി മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ക്യാഷ് ബാലൻസ് ഇല്ലായിരുന്നു. അദ്ദേഹത്തിന് പണം അത്യാവശ്യമായിരുന്നു. അദ്ദേഹം പോയി തന്റെ മേലാധികാരിയിൽനിന്നും അദ്ദേഹത്തിന്റേതായ ഒരു ചെക്കുലീഫുമായി വന്നു. പണം സ്വീകരിച്ച് സന്തോഷവാനായി പോകുകയും ചെയ്തു. ഇപ്രാവശ്യം ക്യാഷിലിരുന്ന മനുഷ്യൻ ഒരു തടസ്സവും പറയാതെയാണ് പണം നല്കിയത്. കാരണം നിങ്ങൾക്ക് ഊഹിക്കാമല്ലോ. ആ അക്കൗണ്ടിൽ മതിയായത്രയും ക്യാഷ് ബാലൻസ് ഉണ്ടായികുന്നു എന്നതാണ്.

പലപ്പോഴും നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാതിരിക്കുന്നതിന്റെ കാരണവും ഇതുപോലുള്ളതാണ്. ദൈവത്തിന്റെ പ്രാർത്ഥനാബാങ്കിൽ നമ്മുടേതായ ഒരു നിക്ഷേപവും ബാക്കിയുണ്ടായിരിക്കുകയില്ല. നമ്മുടെ യേശു അപ്പച്ചൻ നമ്മുടെ ഓരോരുത്തരുടെയും അക്കൗണ്ടിൽ വിലമതിക്കാനാവാത്ത വലിയ തുക നിക്ഷേപിച്ചിട്ടുണ്ട്. ആ അക്കൗണ്ടിലെ ചെക്കുമായി ചെന്നു വാങ്ങണം അത്രതന്നെ. യേശു അപ്പനിൽക്കൂടെയുള്ള പ്രാർത്ഥനയ്ക്കുമാത്രമെ ഉത്തരം ലഭിക്കുകയുള്ളു. 'യേശുവിന്റെ നാമത്തിൽ തന്നെ' എന്നുപറഞ്ഞ് പ്രാർത്ഥന അവസാനിപ്പിച്ചതുകൊണ്ടുമാത്രം മതിയാവുകയില്ല. പിന്നെയോ യേശു അപ്പച്ചൻ നമ്മുടെ സ്ഥാനത്ത് ആയിരുന്നാൽ ഏതു രീതിയിൽ ആണോ പ്രാർത്ഥിക്കുന്നത് അതുപോലെ നാമും പ്രാർത്ഥിക്കണം. യേശുവിന്റെ ആത്മാവിനാൽ കഴിക്കുന്ന പ്രാർത്ഥനയ്ക്കു മാത്രമെ മറുപടി ലഭിക്കുകയുള്ളു. തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട തന്റെ മക്കൾക്ക് ഏതു സമയത്തും ഈ സ്വർഗ്ഗീയബാങ്കിനെ സമീപിക്കാനുള്ള അവകാശം ഉണ്ട്. നമ്മുടെ പ്രാർത്ഥനയാകുന്ന ചെക്ക് അംഗീകരിക്കപ്പെടുകയും ചെയ്യും. അതുകൊണ്ട് പ്രിയ കൂട്ടുകാരേ! നമുക്കു യേശു അപ്പച്ചനിലൂടെ പ്രാർത്ഥിക്കാം. അവൻ ആ നിത്യഭണ്ഡാരത്തിൽനിന്നും സമൃദ്ധിയായി അമർത്തി കുലുക്കി നിറച്ചുതരും. ''അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു" (1 യോഹ.5:14) ✿

**മാന്യമിത്രങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

സുവിശേഷകനിൽ പ്രസിദ്ധീകരിക്കേണ്ടതിനായുള്ള എല്ലാ മലയാളം, ഇംഗ്ലീഷ് ലേഖനങ്ങളും, വാർത്തകളും അഭ്യർത്ഥനകളും താഴെക്കാണുന്ന വിലാസത്തിൽ അയക്കുവാൻ അഭ്യർത്ഥിക്കുന്നു.

Bro. Mathew Philip, 28 - Ulloor Gardens, Medical College P.O
Trivandrum,- 695 011. Mob. 9895558656

*- മാനേജർ, ജെയിംസ് ചെറിയാൻ*

## മഹത്ത്വപ്രവേശനങ്ങൾ



**പെരുമ്പാവൂർ:-** ചെങ്ങന്നൂർ പാണ്ടനാട് തുണ്ടത്തിൽ പരേതനായ റ്റി.വി. ചാക്കോയുടെ സഹധർമ്മിണിയും പെരുമ്പാവൂർ ബ്രദറൺ സഭാംഗവുമായിരുന്ന സഹോദരി തങ്കമ്മ ചാക്കോ (94) 2022 ജൂൺ 16-ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 18-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം കുറുപ്പംപടി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ- മരുമക്കൾ വർഗീസ് റ്റി ചാക്കോ (വിജോയി)-ലിസി (ഹൂസ്റ്റൺ), പോൾ റ്റി.സി (സജു) -ജൂലീസ് (പെരുമ്പാവൂർ), സൈമൺ റ്റി.സി- ഷീബ (യു.കെ.), സാലി-സജി വർഗീസ് (പെരുമ്പാവൂർ) *Paul T.C.*



**കൊട്ടാരക്കര:-** പരേതനായ സുവി. റ്റി.ഒ ഏബ്രഹാമിന്റെ സഹധർമ്മിണി ബേബി ഏബ്രഹാം (86) 2022 ജൂൺ 16-ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 18-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം തൃക്കണ്ണമംഗൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. *Evg. Aniyan P. George.*

**കുളത്തൂപ്പുഴ:-** ബഥേൽ ബ്രദറൺ സഭാംഗമായ സഹോ. കെ.റ്റി. ഫിലിപ്പ് (റിട്ട.ടീച്ചർ - 95) താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 20-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പ്രത്യാശയോടെ മൃതദേഹം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. പരേതൻ മൈലപ്ര കുറുവൻചേരിൽ കുടുംബാംഗമാണ്. ഭാര്യ ഏലിക്കുട്ടി ഫിലിപ്പ്. മക്കൾ-മരുമക്കൾ അനിത -ബെഞ്ചമിൻ ജോൺ കുളത്തൂപ്പുഴ, അനില - ജേക്കബ് ജോർജ്ജ് (യു.എസ്.എ). *Benjamin John.*



**അടൂർ:-** മുംബൈ കാമോത് ബ്രദറൺ സഭാംഗമായ സഹോ. ചാൾസ് തോമസ് (48) ജൂൺ 17-ന് കർത്തൃസവിധം ചേർക്കപ്പെട്ടു. 19-ന് ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം നെരുൾ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

*Rajan Thomas, Adoor.*



**തൃശൂർ :-** കൊരട്ടി ബെഥേൽ ബ്രദറൺ സഭാംഗമായ സഹോ. സത്യവതി (72) ജൂൺ 19-ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അന്നേദിവസം ബന്ധുമിത്രാദികളുടെയും ദൈവമക്കളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പ്രത്യാശയോടെ മൃതദേഹം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ-മരുമക്കൾ സണ്ണി - ലിയ, ശിവകുമാർ-ശകുന്തള. *James K Daniel.*



**അടൂർ:-** ബഥനി ബ്രദറൺ സഭാംഗവും പത്തനംതിട്ട ബൈബിൾ പാർക്ക് ബുക്ക് സ്റ്റാളിന്റെ ഉടമയുമായ സഹോ. റെഞ്ചി ജോയി (56) ജൂൺ 28-ന് താൻ പ്രിയംവച്ച കർത്ത്യസവിധമണഞ്ഞു. ജൂലൈ 2-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം പന്നിവിഴ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ ജയ റെഞ്ചി. മക്കൾ ജിറ്റു, റ്റോണി, റ്റോം. *Samkutty George.*



**മുംബൈ :-** മാൻപാഡാ ബെഥേൽ ബ്രദറൺ സഭാംഗമായ സഹോ. ഏബ്രഹാം സാമുവേൽ (90) 2022 ജൂലൈ 5-ന് താൻ പ്രിയംവച്ച കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. 9-ന് ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം മുള്ളുണ്ട് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ പരേതയായ ഏലിക്കുട്ടി സാമുവേൽ. മക്കൾ ലീലാമ്മ, സുവിശേഷകന്മാരായ എ.എസ്. ബാബുക്കുട്ടി (മുംബൈ), എ.എസ് രാജുവാൻ സിൽവാസ, വിനോജി സാമുവേൽ ആഫ്രിക്ക. മരുമക്കൾ പാസ്റ്റർ രാജു ഓറേത്ത് റാന്നി, ഷേർളി, കുഞ്ഞുമോൾ, ജോയ്സ്. *Evg. A.S. Babukutty.*



**കുമ്പനാട് :-** ബ്രദറൺ സഭാംഗമായ സഹോ. കെ. ജെ. ബേബി (86) 2022 ജൂലൈ 3-ന് താൻ പ്രിയംവച്ച കർത്ത്യസവിധം ചേർക്കപ്പെട്ടു. 6-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം കുമ്പനാട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ ലില്ലി ബേബി. മക്കൾ-മരുമക്കൾ റോയി-ഹിൽഡ (കോയമ്പത്തൂർ), രഞ്ജിത്-ഡയാന (കുമ്പനാട്), റെനി-സിബി (ബാംഗ്ലൂർ). *P. E. Samkutty.*



